**06.04.2024**

# KGBEU OU ബുള്ളറ്റിൻ 50/2024

സഖാക്കളെ,

## വിഷയം: പിടിച്ചെടുത്ത ശമ്പളം തിരികെ നൽകാൻ തീരുമാനിച്ചു

ജോലി ചെയ്തിട്ടും ശമ്പളം തടഞ്ഞു വച്ച ഒരു സ്ത്രീ ജീവനക്കാരിയുടെ വിഷയത്തിൽ സംഘടന നടത്തിയ ഇടപെടൽ 33/2024 ബുള്ളറ്റിൻ വഴി ഫെബ്രുവരി മാസം 15 ന് ജീവനക്കാരുടെ അറിവിലേക്ക് പ്രസിദ്ധീകരിച്ചിരുന്നു.

ഈ വിഷയത്തിൽ പത്രസമ്മേളനം നടത്താനും തുടർന്ന് വലിയ പ്രക്ഷോഭം സംഘടിപ്പിക്കാനും സംഘടന തീരുമാനിച്ചു. എന്നാൽ, അനുകൂലമായ തീരുമാനം ഉണ്ടാക്കാൻ സന്നദ്ധമാണ് എന്ന് മാനേജ്മെൻറ് സൂചിപ്പിച്ചതിനെതുടർന്ന് നാം തീരുമാനിച്ച പ്രക്ഷോഭ പ്രചരണ പരിപാടികൾ താൽക്കാലികമായി പിൻവലിക്കുകയായിരുന്നു.

ഈ കാര്യം സംഘടന നിരന്തരമായി follow up ചെയ്തു വരികയായിരുന്നു. തുടർന്ന് ഈ വിഷയത്തിൽ മാനേജ്മെന്റ് അനുകൂലമായ തീരുമാനം കൈക്കൊള്ളുകയും ആ വിവരം രണ്ടു ദിവസം മുന്നേ സംഘടനയെ അറിയിക്കുകയും ബ്രാഞ്ചിലേക്ക് ഇന്നലെ കത്ത് വരികയും ചെയ്തു.

ഇത് നമ്മുടെ ഐക്യത്തിന്റെയും പോരാട്ടത്തിന്റെയും വിജയമാണ്. തുടർന്നും ജീവനക്കാർക്കെതിരെ ഉണ്ടാകുന്ന അനീതികൾക്കെതിരെ പോരാട്ടം സംഘടിപ്പിക്കാനും ഐക്യപ്പെടാനും മുഴുവൻ ജീവനക്കാരും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**12.02.2024**

# KGBEU OU ബുള്ളറ്റിൻ 30/2024

സഖാക്കളെ,

## വിഷയം: പ്രൊബേഷൻ പൂർത്തിയായവരുടെ ആനുകൂല്യങ്ങൾ

പ്രൊബേഷൻ പീരിയഡ് പൂർത്തിയാക്കിയ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ്, പെട്രോൾ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ കൺഫർമേഷൻ ലെറ്റർ ലഭിക്കാൻ വൈകുന്നതു കൊണ്ട് ഈ ആനുകൂല്യങ്ങൾ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നു എന്ന് ജീവനക്കാരിൽ നിന്നും പരാതി ഉയരുന്നുണ്ട്. ഈ വിഷയം HR ജനറൽ മാനേജരുമായും ചീഫ് മാനേജരുമായും സംസാരിച്ചു. അർഹതപ്പെട്ട ആനുകൂല്യം ഒരു ദിവസം പോലും വൈകാതെ ലഭിക്കേതുണ്ട്. അതിനായി കൺഫർമേഷൻ ലെറ്റർ കിട്ടുന്നതുവരെ കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടാകരുതെന്നും സംഘടന ആവശ്യപ്പെട്ടു. HR ൽ നിന്നും രേഖാമൂലം പ്രൊബേഷൻ extend ചെയ്തിട്ടുണ്ട് എന്ന അറിയിപ്പ് ലഭിക്കാത്ത മുഴുവൻ പേർക്കും പ്രൊബേഷൻ complete ആയതായി കണക്കാക്കി ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

15.02.2024

# KGBEU OU ബുള്ളറ്റിൻ 31/2024

സഖാക്കളെ,

## വിഷയം: സ്റ്റാഫ് ഹെൽത്ത് ഇൻഷുറൻസ് top up facility

ഈ വർഷത്തെ സ്റ്റാഫ് ഹെൽത്ത് ഇൻഷുറൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട സർക്കുലർ ഇറങ്ങിയിരിക്കുകയാണ്. Top up facility avail ചെയ്യുന്നതിനായി 19.02.2024 ന് സാലറി അക്കൗണ്ടിൽ തുക നിക്ഷേപിക്കണം എന്നാണ് ആ സർക്കുലറിൽ കാണുന്നത്. കഴിഞ്ഞ വർഷം വരെ ശമ്പള ദിവസം കഴിഞ്ഞുള്ള ഒരു തീയതിയിലാണ് ആവശ്യമായ തുക maintain ചെയ്യണം എന്നാവശ്യപ്പെടാറുള്ളത്. ശമ്പള ദിവസത്തിന് മുന്നേ തുക അക്കൗണ്ടിൽ കരുതുന്നതിനു പല ജീവനക്കാർക്കും ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് സംഘടന മാനേജ്മെന്റിനെ അറിയിച്ചു. ജീവനക്കാർക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഇന്നത്തെ സർക്കുലർ ഒരു തരത്തിലും അംഗീകരിക്കാനാവില്ല എന്നും നാം നിലപാടെടുത്തിട്ടുണ്ട്. നമ്മുടെ ആവശ്യം പരിഗണിക്കും എന്ന ഉറപ്പ് നമുക്ക് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

15.02.2024

# KGBEU OU ബുള്ളറ്റിൻ 32/2024

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ അംഗീകൃത സംഘടനയുമായി പ്രാഥമിക ചർച്ച നടന്നു

ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ആദ്യഘട്ട ചർച്ച

ഈ വർഷം നടക്കാനിരിക്കുന്ന ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ആദ്യഘട്ട ചർച്ച നടന്നു. അംഗീകൃത സംഘടനകളായ KGB എംപ്ലോയീസ് യൂണിയനും ഓഫീസേഴ്സ് യൂണിയനുമായാണ് (BEFI/AIRRBEA) ചർച്ചകൾ നടക്കുന്നത്.

ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ചകൾ മാത്രമാണ് നടന്നത് എന്നതിനാൽ തുടർ ചർച്ചകൾ നടത്തി ജീവനക്കാർക്ക് അനുകൂലമായ കൂടുതൽ കാര്യങ്ങൾ നേടിയെടുക്കാൻ നമ്മുടെ സംഘടന ശ്രമിക്കും. അതിനായി എന്തെങ്കിലും നിർദേശം ജീവനക്കാർക്ക് മുന്നോട്ട് വെക്കാൻ ഉണ്ടെങ്കിൽ സംഘടനാ ജില്ലാ സെക്രട്ടറിമാർക്ക് നാളെത്തന്നെ കൈമാറണം എന്നഭ്യർത്ഥിക്കുന്നു.

പ്രാഥമിക ചർച്ചയിൽ നാം ഉന്നയിച്ച വിഷയങ്ങളിൽ ചിലത്:

1. സ്റ്റാഫ് ലിസ്റ്റ് പബ്ലിഷ് ചെയ്യണം.
2. ഓരോ ബ്രാഞ്ചിലും കണക്കാക്കുന്ന തസ്തികയുടെ മാനദണ്ഡം അറിയിക്കണം. അത് സുതാര്യമാകണം.
3. വേക്കൻസി ലിസ്റ്റ് പബ്ലിഷ് ചെയ്യണം.
4. due list പബ്ലിഷ് ചെയ്യണം.
5. 2021 ൽ വരെ ട്രാൻസ്ഫർ ആയി ദൂര സ്ഥലങ്ങളിലേക്ക് വന്നവർക്കും പുതിയ പോസ്റ്റിംഗ് ലഭിച്ചവർക്കും അവരുടെ request സ്ഥലങ്ങളിൽ ട്രാൻസ്ഫർ കൊടുക്കണം. അതിനു ശേഷം ഉണ്ടാവുന്ന വേക്കൻസികളിൽ തൊട്ടടുത്ത വർഷങ്ങളിൽ ട്രാൻസ്ഫർ ആയി വന്നവരെയും പുതുതായി പോസ്റ്റ് ചെയ്യപ്പെട്ടവരെയും പരിഗണിക്കണം.

6. കഴിഞ്ഞ തവണ excess ആയി മറ്റു ബ്രാഞ്ചുകളിലേക്ക് പോകേണ്ടി വരികയും പഴയ ബ്രാഞ്ചിൽ ഇത്തവണ വേക്കൻസി ഉണ്ടാവുകയും ചെയ്താൽ അങ്ങനെ മാറ്റപ്പെട്ടവർക്ക് ആവശ്യമായ പരിഗണന കൊടുക്കണം.

7. out സ്റ്റേഷനിൽ നിന്ന് ക്ലാർക്ക് to ഓഫീസർ പ്രമോഷൻ ആയി രണ്ടും കൂടി 3 വർഷം ആയവർക്കും request പ്രകാരം നാട്ടിലേക്ക് പോസ്റ്റിംഗ് കൊടുക്കണം.

8. ടെമ്പററി ചാർജ് കൊടുത്തവർക്ക് തുടരാൻ താൽപ്പര്യമുണ്ടെങ്കിൽ സ്ഥിരം ട്രാൻസ്ഫർ ആക്കി കൊടുക്കണം.

9. പ്രമോഷൻ ആയവരെ ട്രാൻസ്ഫർ ചെയ്യുമ്പോൾ പഴയ out station സർവീസ് പരിഗണിക്കണം.

10. CASA മാത്രം മാനദണ്ഡമാക്കി ക്ലറിക്കൽ വേക്കൻസി നിർണ്ണയിക്കരുത്.

11. ക്ലറിക്കൽ ജീവനക്കാർക്ക് വലിയ പ്രയാസം ഉണ്ടാക്കുന്ന രീതിയിൽ ട്രാൻസ്ഫർ വരുന്ന അവസ്ഥ ഒഴിവാക്കണം. re arrange ചെയ്യുകയും നിലവിലുള്ള പ്രയാസങ്ങൾ പരിഗണിച്ച് adjust ചെയ്യുകയും വേണം.

12. non request ട്രാൻസ്ഫർ request ആയി കാണിച്ചു എന്ന പരാതിയുണ്ട്. അത് തിരുത്തണം.

13. പുതിയ ജീവനക്കാരെ പോസ്റ്റ് ചെയ്യുമ്പോൾ fresh പോസ്റ്റിംഗ് ആയത് കൊണ്ട് മാത്രം ദൂരത്തേക്ക് ചെയ്യരുത്. കഴിയാവുന്ന തരത്തിൽ പരിഗണന കൊടുക്കണം.

14. Ex Service men ആയ existing ജീവനക്കാർക്കും പുതിയ ജീവനക്കാർക്കും അവരുടെ ഒരു വലിയ കാലഘട്ടം ദീർഘദൂരം സേവനം അനുഷ്ഠിച്ചവർ ആയതിനാൽ പരമാവധി സൗകര്യത്തിൽ പോസ്റ്റിംഗും ട്രാൻസ്ഫറും നൽകണം.

15. അവസാനത്തെ term മുഴുവൻ ജീവനക്കാർക്കും നാട്ടിൽ ട്രാൻസ്ഫർ കൊടുക്കണം. പ്രമോഷൻ ആയാലും in station പോസ്റ്റിംഗ് കൊടുക്കണം.

16. അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ നിന്ന് ക്ലറിക്കൽ ജീവനക്കാരെ തുടച്ചു നീക്കാൻ കഴിഞ്ഞ തവണ ശ്രമം നടത്തിയിരുന്നു. സംഘടന ശക്തമായി ചെറുത്തതാണ്. ഇത്തവണ മുഴുവൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലും OAST പോസ്റ്റിംഗ് ഉണ്ടാവണം.

17. ഒരു ബ്രാഞ്ചിൽ term ആകാതെ ദൂരസ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടവർക്ക് തിരികെ ട്രാൻസ്ഫർ നൽകണം.

18. 2018 ൽ ദൂര സ്ഥലങ്ങളിൽ ജോയിൻ ചെയ്ത് 2023 ൽ ട്രാൻസ്ഫർ ലഭിച്ച ചിലർക്ക് സൗകര്യപ്രദമായല്ല ട്രാൻസ്ഫർ ലഭിച്ചിരിക്കുന്നത്. അതിനു മുമ്പ് ഇങ്ങനെ ലഭിച്ചവരും ഉണ്ടാവാം. അവർക്കെല്ലാം സൗകര്യപ്രദമായ തരത്തിൽ ട്രാൻസ്ഫർ കൊടുക്കണം.

19. OATD മാർക്ക് അവർ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ട്രാൻസ്ഫർ നൽകണം.

20. അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ സ്വന്തക്കാരെ തിരുകിക്കയറ്റുന്ന രീതി ഒഴിവാക്കണം. എല്ലാവർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ ജോലി ചെയ്യാൻ അവസരം നൽകണം. അത് ആവശ്യമില്ല എന്ന് പറയുന്നവരെ മാത്രം മാറ്റി നിർത്തണം.

21. അസിസ്റ്റന്റ് മാനേജർമാർക്ക് ബ്രാഞ്ച് ചാർജ് നൽകുമ്പോൾ അവരുടെ willingness നോക്കി മാത്രം നൽകണം.

22. ദീർഘകാലം ബാങ്കിൽ OATD ജോലി ചെയ്ത് പ്രമോഷൻ എടുത്തവർക്ക് ദൂര സ്ഥലങ്ങളിൽ ട്രാൻസ്ഫർ നൽകുന്ന രീതി ഒഴിവാക്കണം. അവർക്ക് സൗകര്യപ്രദമായ രീതിയിൽ ട്രാൻസ്ഫർ നൽകണം.

23. മുഴുവൻ ട്രാൻസ്ഫർ ലിസ്റ്റും ഒരുമിച്ച് ഇറക്കണം.

24. ഒരു ബ്രാഞ്ചിൽ മികച്ച performance നടത്തി നല്ല ബിസിനസ്സ് ഉണ്ടാക്കിയതിനു ശേഷം ആ മാനേജരെ Scale കുറഞ്ഞു പോയി എന്ന കാരണം പറഞ്ഞ് Scale കൂടിയ ജീവനക്കാരെ പോസ്റ്റ് ചെയ്യുന്ന ജൈവികമല്ലാത്ത രീതി ഒഴിവാക്കണം.

25. Performance എന്നത് പല കാര്യങ്ങളെ ആശ്രയിച്ച് ഇരിക്കുന്നതിനാലും അതിന്റെ മാനദണ്ഡം എങ്ങിനെ വേണമെങ്കിലും വ്യാഖ്യാനിക്കാം എന്നതിനാലും അത് ട്രാൻസ്ഫറിന് ഒരു മാനദണ്ഡം ആകാനേ പാടില്ല. ഇതിനു പുറമേ എന്തെങ്കിലും കാര്യങ്ങൾ ഉന്നയിക്കാനുങ്കിൽ അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിമാർക്ക് ഉടൻ തന്നെ നിർദേശങ്ങൾ കൈമാറണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

15.02.2024

# KGBEU OU ബുള്ളറ്റിൻ 33/2024

സഖാക്കളെ,

## വിഷയം: സ്ത്രീ ജീവനക്കാരിയുടെ തടഞ്ഞു വച്ച ശമ്പളം നഷ്ടപരിഹാരം ഉൾപ്പെടെ ചേർത്ത് തിരികെ നൽകുക

ജോലി ചെയ്തിട്ടും ശമ്പളം തടഞ്ഞു വച്ച ഒരു സ്ത്രീ ജീവനക്കാരിയുടെ വിഷയം നമ്മുടെ സംഘടന മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. ബാങ്ക് മെമ്മൊ പ്രകാരം കോവിഡ് കാലഘട്ടത്തിൽ Work from home സൗകര്യം avail ചെയ്ത ജീവനക്കാരിക്ക് ബ്രാഞ്ചിൽ നിന്നും work allot ചെയ്ത് കൊടുക്കുകയും വീട്ടിലിരുന്ന് ചെയ്യാൻ പറ്റുന്ന ജോലി ചെയ്യിച്ച് e mail വഴി ചെയ്ത വർക്കുകൾ മോണിറ്റർ ചെയ്യുകയും ഉണ്ടായിട്ടും ശമ്പളം നൽകിയില്ല എന്നതാണ് വിഷയം. സർക്കാർ സംവിധാനങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടതനുസരിച്ചാണ് മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും ഉൾപ്പെടെ ഈ സൗകര്യം അനുവദിച്ചത്. സ്ത്രീവിരുദ്ധത മുഖമുദ്രയാക്കിയ മാനേജ്മെന്റ് ഇവിടെയും ആ വിരുദ്ധ നിലപാട് ആവർത്തിക്കുകയായിരുന്നു. പല തവണ ആവശ്യപ്പെട്ടിട്ടും ശമ്പളം തിരികെ നൽകാൻ തയ്യാറാവാത്ത മാനേജ്മെന്റ് നിലപാടിനെതിരെ ചെയർമാന് സംഘടന കത്ത് നൽകിയിട്ടുണ്ട്. ഫെബ്രുവരി 26 നകം ജീവനക്കാരിക്ക് അനുകൂലമായ തീരുമാനം കൈക്കൊണ്ട് നഷ്ടപരിഹാരത്തോടു കൂടി ശമ്പളം നൽകിയില്ല എങ്കിൽ ഫെബ്രുവരി 26 ന് അവരുടെ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തി പത്രസമ്മേളനം ചേരാനും സംഘടന തീരുമാനിച്ചിട്ടുണ്ട്. ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കാനും സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റിന്റെ സ്ത്രീ വിരുദ്ധ നിലപാടുകൾ എന്ത് വില കൊടുത്തും നമ്മുടെ സംഘടന അവസാനിപ്പിക്കും. maternity leave നിഷേധിക്കുക, ഇരട്ടക്കുട്ടികളെ പ്രസവിച്ചാൽ ലഭിക്കുന്ന ആനുകൂല്യം നിഷേധിക്കുക, മെഡിക്കൽ ലീവ് എടുത്ത ജീവനക്കാരിക്ക് ശമ്പളം തടഞ്ഞു വെക്കുക തുടങ്ങിയ നടപടികൾ സംഘടനയുടെ ശക്തമായ പ്രതിഷേധത്തിനൊടുവിലാണ് മാനേജ്മെന്റ് പിൻവലിച്ചത്. ഇവിടെയും പത്രസമ്മേളനത്തിനു ശേഷം ശക്തമായ പ്രതിഷേധങ്ങൾക്ക് സംഘടന രൂപം കൊടുക്കും. മറ്റു കാര്യങ്ങൾ വഴിയേ പ്രഖ്യാപിക്കും.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

16.02.2024

# KGBEU OU ബുള്ളറ്റിൻ 34/2024

സഖാക്കളെ,

## വിഷയം: താൽക്കാലിക ജീവനക്കാരെ പിരിച്ചു വിടുന്നതിനെതിരെ പ്രതിഷേധം

മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നയം ആവർത്തിക്കുന്നു. പാവപ്പെട്ട ഒരു തൊഴിലാളിയുടെ കൂടി കഞ്ഞി കുടി മുട്ടിക്കാൻ പോകുന്നു. 60 വയസ്സ് കഴിഞ്ഞ ദിവസ വേതനക്കാരെയാണ് ജീവിത പ്രതിസന്ധിയിലാക്കിക്കൊണ്ട് പുറംതള്ളാൻ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി പെരിങ്ങോട്ടുകുറിശ്ശി ബ്രാഞ്ചിലെ ദിവസക്കൂലിക്കാരനാണ് ഇന്ന് ദുർഗതി വന്നിട്ടുള്ളത്. PF ന്റെ തുകയോ PF പെൻഷനോ പോലും അവർക്ക് ലഭ്യമാക്കാനുള്ള സാഹചര്യം മാനേജ്മെന്റിന്റെ അലംഭാവം മൂലം ഉണ്ടായിട്ടില്ല. ഉടുതുണിക്ക് മറുതുണിയില്ലാത്ത അത്തരം ആളുകളെ പിരിച്ചു വിടാൻ മനഃസാക്ഷിയുള്ള ആർക്കും കഴിയില്ല എന്നാണ് സംഘടന കരുതുന്നത്. എന്നാൽ നമ്മുടെ ബാങ്കിൽ ഒന്നിന് പുറകെ ഒന്നായി തൊഴിലാളികൾക്കെതിരായ കടന്നാക്രമണമാണ് വന്നു കൊണ്ടിരിക്കുന്നത്. നമ്മുടെ സംഘടന ഈ വിഷയത്തിൽ ശക്തമായി ഇടപെട്ടു വരികയാണ്. മാനേജ്മെന്റിനോട് സംസാരിക്കുകയും തൊഴിലാളി വിരുദ്ധമായ നിലപാട് തിരുത്തണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. സ്ഥലം MLA ഉൾപ്പെടെയുള്ള വർഗ്ഗ ബഹുജന സംഘടനാ നേതാക്കളും പ്രവർത്തകരും ബ്രാഞ്ച് പരിസരത്ത് ഒത്തു ചേർന്നിട്ടുണ്ട്. സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധം തുടരുകയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.02.2024**

# KGBEU OU ബുള്ളറ്റിൻ 35/2024

സഖാക്കളെ,

## വിഷയം: ജീവനക്കാർ dependent details add ചെയ്യണം

ജീവനക്കാർക്ക് dependents നെ add ചെയ്യാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് സംഘടന ആവശ്യപ്പെട്ടിരുന്നു. അതിനെത്തുടർന്ന് നാളെ (21.02.2024)വൈകിട്ട് വരെ Letter ID: 1080361 പ്രകാരം സമയം അനുവദിച്ചിട്ടുണ്ട്. മുഴുവൻ ജീവനക്കാരും അവരുടെ Staff module log in hgn dependents ആയ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പിക്കണം. കഴിഞ്ഞ തവണ ഉണ്ടായിരുന്നു എന്ന് അനുമാനിച്ച് ഇത്തവണ നോക്കാതെ ഇരിക്കരുത്. നിരവധി ജീവനക്കാർക്ക് ഈയൊരു കാരണം കൊണ്ട് മാത്രം ഇൻഷുറൻസ് claim ലഭിക്കാൻ പ്രയാസം അനുഭവപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്ന് തന്നെ അവരവരുടെ details പരിശോധിക്കുകയും വിട്ടു പോയവരെ കൂട്ടിച്ചേർത്ത് list പൂർണ്ണമാക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.02.2024**

# KGBEU OU ബുള്ളറ്റിൻ 36/2024

സഖാക്കളെ,

## വിഷയം: SMS issue

SMS related ആയ പ്രശ്നം കഴിഞ്ഞ ദിവസങ്ങളിൽ രൂക്ഷമായി വന്നിരുന്നു. OTP വരുന്നില്ല, ഇടപാടുകളുടെ മെസ്സജേ് വരുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ ആണ് ഉയർന്നു വന്നത്. ഈ വിഷയം IT GM മായി സംസാരിക്കുകയും follow up ചെയ്ത് വരികയുമായിരുന്നു. രണ്ട് പ്രശ്നങ്ങൾക്കും പരിഹാരം ആയിട്ടുണ്ട് എന്നും നാളെ മുതൽ ഈ issue ഉണ്ടാകില്ല എന്നും മാനേജ്മെന്റ് നമുക്ക് ഉറപ്പ് തന്നിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**23.02.2023**

## KGBEU OU ബുള്ളറ്റിൻ 37/2024

സഖാക്കളെ,

## വിഷയം: സംസ്ഥാന സർക്കാർ മൂലധനം അനുവദിച്ചു

നമ്മുടെ ബാങ്കിന് സംസ്ഥാന സർക്കാർ വിഹിതമായ മൂലധനം അനുവദിച്ചതായി ധനകാര്യ വകുപ്പിൽ നിന്നും വിവരം കിട്ടിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അർഹിച്ച വിഹിതം അനുവദിക്കാതിരിക്കുമ്പോഴും വലിയ സാമ്പത്തിക പ്രയാസത്തിനിടയിൽ പൊതുമേഖലാ സംരക്ഷണം എന്ന നിലപാട് ഉയർത്തിപ്പിടിച്ച സംസ്ഥാന സർക്കാരിന് അഭിവാദ്യങ്ങൾ.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

24.02.2023

## KGBEU OU ബുള്ളറ്റിൻ 38/2024

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ memo

ജനറൽ ട്രാൻസ്ഫർ memo ഇന്നലെ ഇറങ്ങിയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഫെബ്രുവരി 14 ന് അംഗീകൃത സംഘടനകളുമായി മാനേജ്മെന്റ് മീറ്റിംഗ് വിളിച്ചു ചേർത്തിരുന്നു. അന്നത്തെ യോഗത്തിൽ നിരവധി നിർദ്ദേശങ്ങൾ സംഘടന മാനേജ്മെന്റിന് മുന്നിൽ അവതരിപ്പിക്കുകയും അത് ജീവനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തതാണ്.

എന്നാൽ മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ അതിനാവശ്യമായ യാതൊരു മുന്നൊരുക്ക വുമില്ലാതെയാണ്  മാനേജ്മെൻറ് പ്രതിനിധികൾ പങ്കെടുത്തത്. മെച്ചപ്പെട്ട ഒരു ചർച്ച നടത്താൻ ആവശ്യമായ ഓരോ ഡാറ്റ നാം ആവശ്യപ്പെടുമ്പോഴും 'അതു കയ്യിൽ കരുതിയില്ല' എന്ന മറുപടിയാണ് അന്ന് നമുക്ക് ലഭിച്ചത്. അതിനെ തുടർന്ന് സംഘടന ആവശ്യപ്പെട്ട മുഴുവൻ ഡാറ്റയും സംഘടിപ്പിച്ച് തൊട്ടടുത്ത ദിവസം തന്നെ യോഗം ചേരാം എന്ന ധാരണ യിൽ അന്നത്തെ യോഗം പിരിയുകയാണ് ഉണ്ടായത്. തുടർന്ന് എല്ലാദിവസവും ഇതുമായി ബന്ധപ്പെട്ട് സംഘടന follow up ചെയ്തു വരികയായിരുന്നു.

ഓരോ ബ്രാഞ്ചിലും അനുവദിക്കപ്പെടുന്ന തസ്തികകൾ എത്രയാണ് എന്നും അതിൻറെ മാനദണ്ഡം എന്താണ് എന്നും വ്യക്തത വേണം എന്നും അത് സംഘടനയുമായി ചർച്ച ചെയ്ത് ജീവനക്കാരെ അറിയിക്കണമെന്നും നാം ആവശ്യപ്പെട്ടിരുന്നു. മീറ്റിംഗ് കഴിഞ്ഞ ഉടൻ തന്നെ ആ മാനദണ്ഡം സംഘടനയ്ക്ക് അയച്ചു തരുമെന്നും  ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളാം എന്നുമായിരുന്നു അന്ന് ഉണ്ടാക്കിയ ധാരണ.

സ്റ്റാഫ് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിൽ എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ സമയം അനുവദിക്കുകയും ചെയ്യണം, ഓരോ ബ്രാഞ്ചിലും/ഓഫീസിലും ആകെ അനുവദിക്കുന്ന തസ്തികകൾ എത്രയാണ് എന്ന് പ്രസിദ്ധീകരിക്കണം, അതിൽ എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യാൻ സമയം അനുവദിക്കണം, ജീവനക്കാരുടെ due list പ്രസിദ്ധീകരിക്കണം തുടങ്ങിയ നിരവധി ആവശ്യങ്ങൾ ഉന്ന

യിക്കുകയും ധാരണ ഉണ്ടാക്കിയതുമാണ്. ക്ലസ്റ്റർ ബ്രാഞ്ചുകളുടെ കാര്യത്തിൽ മാറ്റം വരുത്താൻ ഉണ്ടെങ്കിൽ അത് നിർദേശമായി നൽകണം എന്ന് സംഘടനയോട് ആവശ്യപ്പെടുകയും ചെയ്തു.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ ഇഷ്ടക്കാരെ തിരുകി കയറ്ററുത്, എല്ലാവർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ ജോലിചെയ്യാൻ സൗകര്യമൊരുക്കണം തുടങ്ങിയ ആവശ്യങ്ങളും സംഘടന ശക്തമായി ഉയർത്തിയിരുന്നു. എന്നാൽ അവിടങ്ങളിലെ വേക്കൻസികൾ ഒന്നും ജനറൽ ട്രാൻസ്ഫർ മെമ്മോയിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഒരാഴ്ച കൊണ്ട് ജനറൽ ട്രാൻസ്ഫർ മെമ്മോ പുറത്തിറക്കണം എന്നും ഫെബ്രുവരി 14 ന്റെ മീറ്റിംഗിൽ സംഘടന ആവശ്യം ഉന്നയിച്ചിരുന്നു.

ഡാറ്റ തയ്യാറാക്കി വിളിച്ചു ചേർക്കാമെന്ന് ധാരണയാക്കിയ മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിന് മുന്നേ തന്നെ ഇറങ്ങിയ memo, ജീവനക്കാരെ അവഹേളിക്കുന്ന തരത്തിലുള്ളതാണ്. സംഘടന ഉന്നയിച്ച ആവശ്യങ്ങൾ ഓരോന്നും പരിശോധിക്കുമ്പോൾ, ഇറങ്ങിയിരിക്കുന്ന മെമ്മോയിൽ അതൊന്നും മാനേജ്മെന്റ് മുഖവിലയ്ക്കെടുത്തിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ജീവനക്കാരെ ആകെ കരിവാരി തേക്കുന്ന സമീപനമാണ് ജനറൽ ട്രാൻസ്ഫർ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ മാനേജ്മെൻറ് നടത്തിയിരിക്കുന്നത്.

ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അലംഭാവത്തോടെ കാര്യങ്ങൾ 'പിറകോട്ട്' നീക്കുന്ന HR ജനറൽ മാനേജരിൽ നിന്നും ചെയർമാൻ നേരിട്ട് ചുമതല ഏറ്റെടുക്കണമെന്നും ചെയർമാൻറെ മേൽനോട്ടത്തിൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട മീറ്റിംഗ് വിളിച്ചു ചേർക്കണമെന്നും ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംഘടന ഉയർത്തിയ ആവശ്യം ചെയർമാൻ പരിഗണിക്കും എന്നാണ് നാം കരുതുന്നത്. അടുത്ത ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പുരോഗതി സഖാക്കളെ അറിയിക്കും.

ഇറങ്ങിയ ജനറൽ ട്രാൻസ്ഫർ മെമ്മോയിൽ നിരവധി ന്യൂനതകൾ സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഖാക്കളുടെ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിക്ക് എത്രയും പെട്ടെന്ന് അയച്ചു കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**27.02.2024**

## KGBEU OU ബുള്ളറ്റിൻ 39/2024

സഖാക്കളെ,

## വിഷയം : നിസ്സഹകരണ സമരം

സംഘടനയുടെ ആഹ്വാനം ഏറ്റെടുത്ത് 60 മണിക്കൂർ രാപ്പകൽ സമരവും, പണിമുടക്ക് സമരവും വിജയിപ്പിച്ച മുഴുവൻ സഖാക്കൾക്കും അഭിവാദ്യങ്ങൾ. സർക്കുലറിൽ സൂചിപ്പിച്ചതുപോലെ മാർച്ച് 31 വരെ സമ്പൂർണ്ണ നിസ്സഹകരണ സമരവുമായി മുന്നോട്ടു പോകാൻ സംഘടന തീരുമാനിച്ചിരിക്കുകയാണ്.

നിസ്സഹകരണ സമരത്തിന്റെ ഭാഗമായി സമയാ സമയങ്ങളിൽ സംഘടന കൃത്യമായ നിർദേശങ്ങൾ അറിയിക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ മുഴുവൻ official വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നിന്നും exit ആകുക, എല്ലാത്തരം ക്യാമ്പയിനുകളിൽ നിന്നും വിട്ടു നിൽക്കുക, മാനേജ്മെന്റ് വിളിക്കുന്ന അദാലത്തുകൾ ബഹിഷ്ക്കരിക്കുക, business developement പ്രവർത്തനത്തിൽ നിന്നും വിട്ടു നിൽക്കുക എന്നിവയാണ് സംഘടന തീരുമാനിച്ചിരിക്കുന്നത്.

ഇതിന്റെ ഭാഗമായി നമ്മുടെ മുഴുവൻ സഖാക്കളും എല്ലാ വാട്സ്ആപ്പ് ഗ്രൂപ്പിൽ നിന്നും ഇന്ന് തന്നെ exit ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

"As part of the agitation called by KGBEU/OU due to non settlement of issues raised by the Union, I am hereby exiting from this group" എന്ന മെസ്സേജ് പോസ്റ്റ് ചെയ്ത് കൊണ്ട് വേണം exit ചെയ്യാൻ.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**29.02.2024**

KGBEU OU ബുള്ളറ്റിൻ 40/2024

സഖാക്കളെ,

## വിഷയം: SOL change ചെയ്യാനുള്ള അധികാരം RO യ്ക്ക് നൽകുക

Deputation SOL മാറ്റുവാൻ റീജിയണൽ ഓഫീസിൽ നേരത്തെ power ഉണ്ടായിരുന്നു. ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇപ്പോൾ PMO ആണ് അത് ചെയ്യുന്നത്. SOL change ചെയ്യുവാൻ ബ്രാഞ്ച് RO യോട് ആവശ്യപ്പെട്ടാൽ, RO Letter Module വഴി PMO യ്ക്ക് TAKEUP ചെയ്യുകയും PMO SOL മാറ്റിക്കൊടുക്കുകയുമാണ് ചെയ്യുന്നത്. ബ്രാഞ്ചുകൾ കുറെയധികം സമയം അതിനായി കാത്ത് നിൽക്കേണ്ട അവസ്ഥയാണ്. അത് ഇടപാടുകാർക്കും വലിയ പ്രയാസം ഉണ്ടാക്കുകയാണ്.

ആയതിനാൽ ഈ സിസ്റ്റം മാറ്റണമെന്നും പഴയപടി റീജിയണൽ ഓഫീസിനു തന്നെ SOL change ചെയ്യാനുള്ള power നൽകണം എന്നും IT വിംഗ് ജനറൽ മാനേജരോട് ആവശ്യപ്പെട്ടു. ഉടൻ തന്നെ പഴയ സിസ്റ്റത്തിലേക്ക് മാറ്റാനുള്ള നടപടികൾ പരിശോധിക്കുമെന്ന് ജനറൽ മാനേജർ ഉറപ്പ് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**29.02.2024**

# KGBEU OU ബുള്ളറ്റിൻ 41/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ request

ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് അംഗീകൃത സംഘടനകളുമായി നടന്ന ചർച്ചയും തുടർ ചർച്ച നടത്തുന്നതിൽ മാനേജ്മെൻറ് വരുത്തിവെച്ച വീഴ്ചയും തുടർന്ന് ചെയർമാനെ ബന്ധപ്പെട്ട വിവരവും സംഘടന ജീവനക്കാരെ അറിയിച്ചിരുന്നു. അതിനുശേഷം മാനേജ്മെൻറ്, സംഘടനയുടെ പൂർണമായ അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി തുറന്ന ചർച്ച യ്ക്ക് തയ്യാറായി മുന്നോട്ട് വന്നു. കഴിഞ്ഞ തിങ്കളാഴ്ച നടന്ന ആ ചർച്ചയിൽ, ട്രാൻസ്ഫർ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നേ സംഘടന ഏറ്റവും പ്രധാനമായി ഉന്നയിച്ച കാര്യങ്ങൾ സ്റ്റാഫ് ലിസ്റ്റ്, ബ്രാഞ്ചുകളിൽ കൊടുക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് പാറ്റേൺ, ഡ്യു ലിസ്റ്റ് എന്നിവ അടിയന്തിരമായി പുറത്തിറക്കണം എന്നാണ്. അത് പുറത്തിറക്കുമ്പോൾ പബ്ലിഷ് ചെയ്ത ലിസ്റ്റുകളിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ അത് തിരുത്തുന്നതിനായി ആവശ്യമായ സമയം കൊടുക്കണം എന്നും സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി ട്രാൻസ്ഫർ റിക്വസ്റ്റ് നൽകാനുള്ള സമയം നീട്ടി നൽകണമെന്നും ജനറൽ മാനേജരോട് സംഘടന ആവശ്യപ്പെട്ടു. സംഘടന മുന്നോട്ടുവെച്ച ആവശ്യങ്ങളോട് പോസിറ്റീവ് ആയാണ് മാനേജ്മെൻറ് പ്രതികരിച്ചത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

01.03.2024

# <u>KGBEU OU ബുള്ളറ്റിൻ 42/2024</u>

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ request അപേക്ഷിക്കാനുള്ള സമയപരിധി

ഇത്തവണത്തെ ട്രാൻസ്ഫർ മെമ്മോയിൽ ജീവനക്കാർ ഓപ്ഷനായി കൊടുക്കുന്ന ബ്രാഞ്ചുകളിൽ ട്രാൻസ്ഫർ ലഭിക്കുകയാണെങ്കിൽ ജോയിനിംഗ് ടൈം, TA, ഷിഫ്റ്റിംഗ് expense മുതലായവ ലഭിക്കില്ല എന്നാണ് പറയുന്നത്. ഒരു കാരണവശാലും ഈ നടപടി അംഗീകരിക്കില്ല എന്നും നിയമപരമായി കിട്ടിക്കൊണ്ടിരുന്ന ഈ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാകും എന്ന് കാണിച്ചുകൊണ്ട് മെമ്മോ ഉടൻ ഇറക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

Hardship ബ്രാഞ്ചുകളിൽ പോസ്റ്റ് ചെയ്യപ്പെട്ട workmen employees 35 കിലോമീറ്റർ പരിധിയിലാണ് അവരുടെ വീട് വരുന്നതെങ്കിൽ hardship branch consideration കിട്ടില്ല എന്നാണ് മെമ്മോയിൽ പറഞ്ഞിരിക്കുന്നത്. ഇത് നിയമവിരുദ്ധമാണ്. ഇതും തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ട്രാൻസ്ഫറിന് അപേക്ഷിക്കുന്നവർ നിർബന്ധമായും 4 request കൊടുത്തിരിക്കണം എന്നാണ് മെമ്മോ ആവശ്യപ്പെടുന്നത്. എന്നാൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ നാല് വേക്കൻസികൾ എല്ലായിടത്തും ലഭ്യമാകണം എന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ഈ പ്രശ്നം സംഘടന ഉന്ന യിക്കുകയും അതിൽ നിന്ന് ഒഴിവ് കൊടുക്കുകയും ചെയ്തതാണ്. ഇത്തവണയും നിർബന്ധമായി ഇത്ര നമ്പർ വേണമെന്ന ആവശ്യം പിൻവലിക്കണമെന്നും സംഘടന ആവ ശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റാഫ് ലിസ്റ്റ്, കൊടുക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് പാറ്റേൺ, ഡ്യൂ ലിസ്റ്റ് എന്നിവ ഇന്ന് തന്നെ പുറത്തിറക്കണം എന്നും അതുമായി ബന്ധപ്പെട്ട് വരുന്ന മിസ്റ്റേക്കുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് റിപ്പോർട്ട് ചെയ്യാൻ രണ്ട് ദിവസം സമയം അനുവദിക്കണമെന്നും ട്രാൻസ്ഫർ request നൽകാനുള്ള സമയം അടുത്ത ആഴ്ചത്തേക്ക് കൂടി നീട്ടി നൽകണമെന്നും HR ജനറൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പോസിറ്റീവ് ആയാണ് സംഘടനയോട് പ്രതികരിച്ചത്. മറ്റു കാര്യങ്ങൾ വഴിയെ അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**02.03.2024**

## KGBEU OU ബുള്ളറ്റിൻ 43/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ  ചെയർമാനെ കാണും

ട്രാൻസ്ഫർ memo പ്രകാരം ഇന്നാണ് request അയക്കാനുള്ള അവസാന ദിവസം. സംഘടനയുമായി നടത്തിയ ചർച്ചയും അതിൽ നമുക്ക് ലഭിച്ച ഉറപ്പും ബുള്ളറ്റിനായി ജീവനക്കാരുടെ അറിവിലേക്ക് പ്രസിദ്ധീകരിച്ചിരുന്നു. സംഘടനയ്ക്ക് നൽകുന്ന ഉറപ്പ് എല്ലാം തുടർച്ചയായി ലംഘിക്കുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ട്രാൻസ്ഫർ റിക്വസ്റ്റ് നൽകുന്നതിനായി സ്റ്റാഫ് ലിസ്റ്റ്, സ്റ്റാഫ് പാറ്റേൺ ലിസ്റ്റ്, ഡ്യു ലിസ്റ്റ് എന്നിവ അടിയന്തരമായി പുറത്തിറക്കണം എന്ന് ആവശ്യപ്പെട്ടതും അത് കഴിഞ്ഞ ചൊവ്വാഴ്ച തന്നെ ഇറക്കാമെന്ന് GM സമ്മതിച്ചതുമാണ്. തുടർന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇറക്കാം എന്നു പറയുന്നതല്ലാതെ പറഞ്ഞ ഉറപ്പിൽ ഉരുണ്ടു കളിക്കുകയാണ് ചെയ്യുന്നത്. അംഗീകൃത സംഘടനയ്ക്ക് തന്ന ഉറപ്പിന് ഒരു വിലയും കല്പിക്കാത്ത HR ജനറൽ മാനേജരുടെ നടപടിയിൽ പ്രതിഷേധിച്ച് ചെയർമാനെ  കാണണമെന്ന ആവശ്യമുന്നയിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങൾ ചെയർമാനുമായി ചർച്ച ചെയ്യും.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

**02.03.2024**

## KGBEU OU ബുള്ളറ്റിൻ 44/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ request submit ചെയ്യാനുള്ള സമയം നീട്ടി നൽകും

സംഘടന ആവശ്യപ്പെട്ടത് പ്രകാരം ട്രാൻസ്ഫർ റിക്വസ്റ്റ് നൽകാനുള്ള സമയം മാർച്ച് 5 വരെ നീട്ടി നൽകും. നിലവിൽ റിക്വസ്റ്റ് ചെയ്തവർക്കും റിക്വസ്റ്റ് modify ചെയ്യാവുന്നതാണ്. നമ്മുടെ ആവശ്യപ്രകാരം സ്റ്റാഫ് ലിസ്റ്റ്, ബ്രാഞ്ചുകളിലേക്ക് നൽകാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് പാറ്റേൺ ലിസ്റ്റ്, ഡ്യൂ ലിസ്റ്റ് എന്നിവയും ഏതാനും സമയത്തിനുള്ളിൽ ഇറക്കും എന്നും ജനറൽ മാനേജർ അറിയിച്ചു. എന്തെങ്കിലും അപാകത കാണുകയാണെങ്കിൽ എത്രയും പെട്ടെന്ന് സംഘടനയിൽ റിപ്പോർട്ട് ചെയ്യണം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**11.03.2024**

## KGBEU OU ബുള്ളറ്റിൻ 45/2024

സഖാക്കളെ,

## വിഷയം: ഹെൽത്ത് ഇൻഷുറൻസ് പോളിസി e Card

പുതുക്കിയ സ്റ്റാഫ് ഹെൽത്ത് ഇൻഷുറൻസ് പോളിസിയുടെ e card ഹെൽത്ത് ഇന്ത്യയുടെ സൈറ്റിൽ upload ചെയ്തിട്ടുണ്ട്. Top up ചെയ്ത വിവരം ഉൾപ്പെടെ update ചെയ്തു. മുഴുവൻ ജീവനക്കാരും e card download ചെയ്യുകയും എന്തെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ ഉടൻതന്നെ HR letter ID 1089626 ക്ക് reply ആയി നൽകുകയും വേണം. 12.03.2024 നുള്ളിൽ ഇത്തരം പരാതികൾ എന്തെങ്കിലുമുണ്ടെങ്കിൽ അയക്കണം. വൈകികിട്ടുന്ന പരാതികൾ സ്വീകരിക്കില്ല എന്നതിനാൽ, ജാഗ്രതയോടെ, മുഴുവൻ ജീവനക്കാരും ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**14.03.2024**

## KGBEU OU ബുള്ളറ്റിൻ 46/2024

സഖാക്കളെ,

## വിഷയം: കേരള സർക്കാർ മൂലധനം കൈമാറി

നമ്മുടെ ബാങ്കിന് സംസ്ഥാന സർക്കാർ മൂലധനം അനുവദിച്ച വിവരം ബുള്ളറ്റിൻ 37/2024 പ്രകാരം സംഘടന ജീവനക്കാരെ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാരിന് അർഹിച്ച നികുതി വിഹിതം കേന്ദ്രസർക്കാർ നൽകുന്നില്ല എന്നതിനാൽ വലിയ സാമ്പത്തിക പ്രയാസത്തിൽ കൂടിയാണ് കേരളം കടന്നുപോകുന്നത്. ആ പശ്ചാത്തലത്തിലും നമ്മുടെ സംഘടനാ പരമായ ഇടപെടലുകളുടെ കൂടി ഭാഗമായി മൂലധനത്തിന്റെ ഭാഗമായ ഫണ്ട് റിലീസ് ചെയ്തതായി ധനകാര്യ മന്ത്രിയുടെ ഓഫീസിൽ നിന്നും സംഘടനയ്ക്ക് വിവരം ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും അവയെ ഉന്നതിയിലേക്ക് നയിക്കാനും പ്രയത്നിക്കുന്ന കേരള സംസ്ഥാന സർക്കാരിന് അഭിവാദ്യങ്ങൾ.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**18.03.2024**

## KGBEU OU ബുള്ളറ്റിൻ 47/2024

സഖാക്കളെ,

## വിഷയം: വർക്ക്മെൻ ജീവനക്കാർക്ക് ബാങ്കിലേക്കുള്ള യാത്ര on duty ആയി പരിഗണിക്കണം

വർക്ക്മെൻ ജീവനക്കാർക്ക് ബാങ്കിലേക്കും തിരികെ വീട്ടിലേക്കും ഉള്ള യാത്ര on duty ആയി treat ചെയ്യണം എന്നാവശ്യപ്പെട്ട് HR ജനറൽ മാനേജരുമായി സംസാരിച്ചു. 1923 ലെ workmen compensation act പ്രകാരം notional extension of employer area ആയി to and fro journey കണക്കാക്കണം എന്ന് പറഞ്ഞു കൊണ്ട് സുപ്രീം കോടതിയിൽ നിന്നുൾപ്പെടെ അനുകൂലമായ വിധികളുണ്ട്. അതിനാൽ വർക്ക്മെൻ ജീവനക്കാർക്ക് to and fro journey, on duty ആയി treat ചെയ്യണം എന്ന് സംഘടന ആവശ്യപ്പെട്ടു. സംഘടന ഉയർത്തിയ ആവശ്യം പരിഗണിക്കാം എന്ന് HR ജനറൽ മാനേജർ ഉറപ്പ് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.03.2024**

# KGBEU OU ബുള്ളറ്റിൻ 48/2024

സഖാക്കളെ,

## വിഷയം: 29 OATD ജീവനക്കാർക്കും നീതി ലഭിച്ചു

ദീർഘകാലമായി സംഘടന ഉന്നയിച്ചു വരുന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നായിരുന്നു 29 OATD മാർക്ക് മുഴുവൻ ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തിൽ നൽകണമെന്നത്. കേരള ഗ്രാമീണ് ബാങ്ക് രൂപീകരിച്ചതിനു ശേഷം നമ്മുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ 2015 ൽ ഉയർത്തിയ മൂന്ന് ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യം ഇതായിരുന്നു. ഇപ്പോൾ നടന്നുകൊിരിക്കുന്ന പ്രക്ഷോഭത്തിലും നമ്മുടെ സുപ്രധാന ഡിമാൻഡ് ആണ് ഇത്. സമരത്തിൽ ഈ വിഷയം ഉയർത്തുന്നതോടൊപ്പം ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർമാരെയും നിരവധി തവണ ഈ വിഷയത്തിൽ കാണുകയും ഫോളോ അപ്പ് ചെയ്തു വരികയുമായിരുന്നു.

2017 മുതൽ ഇതുമായി ബന്ധപ്പെട്ട കേസ് സംഘടന ഏറ്റെടുത്ത് നടത്തിവരികയായിരുന്നു. തുടർന്ന് ഹൈക്കോടതിയിൽ നിന്നും 2022 ഡിസംബർ മാസം 22 ന് അനുകൂലമായ വിധി വന്നുവെങ്കിലും മാനേജ്മെന്റ് അപ്പീൽ പോകുകയും 2024 ജനുവരി മാസം വീണ്ടും അനുകൂലമായി വിധി വരികയും ചെയ്തു. തുടർന്ന് വീണ്ടും നിരന്തരമായി നാം ഇതിൽ ഇടപെട്ടു വരികയാണ്.

ഇതിനെത്തുടർന്ന് ഈ വിഷയത്തിൽ ഇന്നലെ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ നമ്മുടെ ആവശ്യത്തിന് അനുകൂലമായ തീരുമാനം ഉണ്ടാകുകയും മുൻകാല പ്രാബല്യത്തോടെ 29 OATD ജീവനക്കാർക്കും മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ തീരുമാനമെടുക്കുകയും ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട ഒരു ജീവനക്കാരൻ അകാലത്തിൽ വിട പറഞ്ഞു എന്നത് ദുഃഖത്തോടെ സ്മരിക്കുകയാണ്. അവരുടെ കുടുംബത്തെയും ചേർത്തു നിർത്താൻ നാം മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു വരികയായിരുന്നു.

വരും നാളുകളിലും ജീവനക്കാരുടെ ആവശ്യങ്ങൾ ഉയർത്തി ശക്തമായ സംഘടനാ പ്രവർത്തനം നടത്താൻ നമ്മുടെ സംഘടന പ്രതിജ്ഞാബദ്ധമാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

22.03.2024

## KGBEU OU ബുള്ളറ്റിൻ 49/2024

സഖാക്കളെ,

## വിഷയം: ജീവനക്കാരുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ

1. ജീവനക്കാർക്ക് വിദേശ യാത്ര നടത്തുന്നതിന് നിരവധി മാനദണ്ഡങ്ങളാണ് നമ്മുടെ ബാങ്കിൽ നിലനിൽക്കുന്നത്. ചുരുങ്ങിയ ദിവസത്തേക്ക് യാത്ര നടത്തുന്നതിന് പോലും മുഴുവൻ un secured ലോണുകളും ക്ലോസ് ചെയ്യണം എന്ന നിബന്ധന വലിയ പ്രയാസമാണ് ജീവനക്കാർക്ക് വരുത്തി വെക്കുന്നത്. ശമ്പളം ഉൾപ്പെടെ കെട്ടിവെക്കാൻ ആവശ്യപ്പെടുന്നതും യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് മുന്നിൽ വലിയ തടസ്സം ഉണ്ടാക്കുകയാണ്. അതിനാൽ നിലവിൽ ഏർപ്പെടുത്തിയ ഇത്തരം നിബന്ധനകൾ ഒഴിവാക്കണം എന്നാവശ്യപ്പെട്ട് ചെയർമാന് കത്ത് നൽകുകയും മാനേജ്മെന്റുമായി സംസാരിക്കുകയും ചെയ്തു. വിഷയം ജോയിന്റ് കോൺഫറൻസ് വേളയിലും നാം ഉന്നയിച്ചു.

2. Sol change ചെയ്യാനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ഓഫീസുകൾക്ക് നൽകണമെന്ന് സംഘടന ആവശ്യപ്പെട്ടിരുന്നു. Deputation സമയത്ത് sol change ചെയ്യാൻ കൂടുതൽ സമയം എടുക്കുന്നത് ഒഴിവാക്കുന്നതിനായാണ് സംഘടന ആവശ്യമുന്നയിച്ചത്. തുടർന്ന് Sol change ചെയ്യാനുള്ള അധികാരം റീജിയണൽ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

3. സ്വീപ്പർമാർക്ക് നിയമപ്രകാരം അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നൽകണം എന്ന ആവശ്യം സംഘടന കുറെ നാളുകളായി മാനേജ് മെന്റിനോട് ആവശ്യപ്പെട്ടു വരികയാണ്. ഈ വിഷയം വിവിധ വേദികളിൽ ചർച്ച ചെയ്തെങ്കിലും അനുകൂല തീരുമാനം ഉണ്ടാകാത്തതിനെത്തുടർന്ന് ചെയർമാന് കത്ത് നൽകുകയും ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരികയും ചെയ്തു. Follow up നടത്തി വരികയാണ്.

4. പുതുതായി ജോയിൻ ചെയ്ത ജീവനക്കാരുടെ പോസ്റ്റിംഗ് നടത്തുമ്പോൾ, പ്ലാനിങ്ങിന്റെ അഭാവം മൂലം അത്യാവശ്യമായി വേണ്ട ശാഖകളിൽ ജീവനക്കാരെ ലഭിക്കാതിരിക്കുകയും തൽക്കാലം വേണ്ടില്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റ് ചെയ്യപ്പെടുകയും ഉായിട്ടുണ്ട്. ഇത് വലിയ ബുദ്ധിമുട്ട് ശാഖകളിൽ ഉണ്ടാകാൻ കാരണമായി. ജോലി ചെയ്യാൻ ആളില്ലാത്ത അവസ്ഥ ചിലയിടങ്ങളിലും ജോലി ചെയ്യാൻ കമ്പ്യൂട്ടറോ ഇരിക്കാൻ കസേരയോ ഇല്ലാത്ത അവസ്ഥ മറ്റിടങ്ങളിലും ഉണ്ടായി. ഇത് ഉടൻ പരിഹരിക്കണം എന്ന് സംഘടന ആവശ്യപ്പെടുകയും അടി

യന്തിരമായി ജീവനക്കാരെ വേണ്ട സ്ഥലങ്ങളിൽ ആളുകളെ പോസ്റ്റ് ചെയ്യുകയും മറ്റിടങ്ങളിൽ ജോലി ചെയ്യാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം ബ്രാഞ്ചുകളിലെ ഷോർട്ടേജ് പരിഹരിക്കുന്നതിനായി കഴിഞ്ഞ ദിവസം മാർച്ച് 31 വരെ TT ഇറങ്ങിയിട്ടുണ്ട്. കുറേപേർക്ക് നിലവിൽ പോസ്റ്റ് ചെയ്യപ്പെട്ട സ്ഥലത്തു നിന്നും ഏറെ ദൂരത്തിലാണ് TT കിട്ടിയിരിക്കുന്നത്. താമസ സ്ഥലം മാറേണ്ടി വരുന്ന സന്ദർഭം ഉൾപ്പെടെ ഇതിന്റെ ഭാഗമായി സംഭവിച്ചു എങ്കിലും മാർച്ച് 31 വരെയാണ് TT എന്നതിനാൽ അനിശ്ചിതത്വം തുടരുകയാണ്. ഈ വിഷയത്തിൽ ഉടൻ പരിഹാരം ഉണ്ടാക്കണമെന്നും ജീവനക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കണമെന്നും HR വിംഗ് ഹെഡിനോട് ആവശ്യപ്പെട്ടു. പരിഹാര നടപടി ഉണ്ടാകും എന്ന ഉറപ്പാണ് സംഘടനയ്ക്ക് ലഭിച്ചത്.

5. സാങ്കേതിക കാരണം പറഞ്ഞ് ജീവനക്കാരിൽ ചിലരുടെ ട്രാൻസ്ഫർ കോമ്പൻസേഷൻ മാനേജ്മെന്റ് നിരസിച്ചിരുന്നു. ഈ വിഷയത്തിൽ സംഘടന ഇടപെടുകയും follow up ചെയ്തു വരികയുമായിരുന്നു. തുടർന്ന് ജീവനക്കാരുടെ ട്രാൻസ്ഫർ കോമ്പൻസേഷൻ അനുവദിച്ചു കൊണ്ട് തീരുമാനം ആയിട്ടുണ്ട്. പ്രൊബേഷൻ പീരിയഡിൽ ഉള്ള ജീവനക്കാരുടെ വിഷയത്തിലും സാങ്കേതികത്വം പറഞ്ഞ് മാനേജ്മെന്റ് ട്രാൻസ്ഫർ കോമ്പൻസേഷൻ നിരസിക്കുകയാണുായത്. അതും സംഘടന take up ചെയ്തിട്ടുണ്ട്. Follow up ചെയ്തു വരികയാണ്.

ജനറൽ സെക്രട്ടറി<br>
KGB എംപ്ലോയീസ് യൂണിയൻ<br>
KGB ഓഫീസേഴ്സ് യൂണിയൻ

03.07.2024

## KGBEU OU ബുള്ളറ്റിൻ 70/2024

സഖാക്കളെ,

## വിഷയം: ജീവനക്കാർക്കുമേൽ അമിതമായ സമ്മർദ്ദം അടിച്ചേൽപ്പിക്കുന്ന മാനേജ്മെന്റ് നിലപാട് തിരുത്തുക

കഴിഞ്ഞ കുറച്ചുനാളുകളായി വളരെ മോശമായ സാഹചര്യത്തിലാണ് ജീവനക്കാർ ജോലി ചെയ്തു കൊണ്ടിരിക്കുന്നത്. അനാവശ്യ സമ്മർദ്ദങ്ങൾ ജീവനക്കാർക്ക് മേൽ അടിച്ചേൽപ്പിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ നേതൃത്വം കൊടുക്കുന്നു. അതിൽ HO എന്നോ RO എന്നോ വ്യത്യാസമില്ല.

അനാവശ്യ ടാർഗറ്റുകൾ നൽകുകയും അതിന്മേൽ show cause നോട്ടീസ് നൽകി ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. കമ്മിറ്റ്മെന്റും തുടർന്നുള്ള ഓൺലൈൻ റിവ്യൂ തുടങ്ങിയ പേരുകളിൽ ജീവനക്കാരെ അതിസമ്മർദത്തിലേക്ക് തള്ളി വിടുന്നു.

SSS സ്കീമുകൾ ഇടപാടുകാർക്ക് ലഭിക്കുന്ന സൗകര്യങ്ങളാണ്. അത് നിർബന്ധിച്ചു ചേർപ്പിക്കാനുള്ളതല്ല. അതിന്റെ പേരിൽ മാനസികമായി പീഡിപ്പിക്കുന്നു.

ഇതെല്ലാം ദിനംപ്രതി റിപ്പോർട്ട് ചെയ്യണം എന്ന നിലപാടിനോട് സംഘടനയ്ക്ക് ഒരുകാരണവശാലും യോജിക്കാൻ കഴിയില്ല. അത് നമ്മളാരും daily റിപ്പോർട്ട് ചെയ്യേണ്ട കാര്യവുമില്ല. മേൽപ്പറഞ്ഞ മാനേജ്മെന്റ് നിലപാടുകളോട് സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

നാളിതുവരെ നാം അഭിമാനത്തോടെ ജോലി ചെയ്തിരുന്ന സാഹചര്യം തകർക്കാൻ ഒരു കാരണവശാലും സംഘടന അനുവദിക്കില്ല. ഈ വിഷയം ചൂിക്കാട്ടി ചെയർപേഴ്സണു കത്ത് നൽകുകയും ജനറൽ മാനേജരോട് സംസാരിക്കുകയും ചെയ്തു. മാനേജ്മെന്റ് നിലപാട് മാറ്റാൻ തയ്യറാകാത്ത പക്ഷം അതിശക്തമായ പ്രക്ഷോഭത്തിലേക്ക് പോകാൻ സംഘടന നിർബന്ധിതരാകും. അതിനുള്ള തയ്യാറെടുപ്പ് നടത്താൻ സഖാക്കളോട് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**16.04.2024**

# KGBEU OU ബുള്ളറ്റിൻ 51/2024

സഖാക്കളെ,

## വിഷയം: കണക്റ്റിവിറ്റി പ്രശ്നം

കഴിഞ്ഞ രണ്ട് ദിവസമായി network ന്റെ സ്ഥിതി ശോചനീയമാണ്. എന്താണ് പ്രശ്നം എന്ന് കണ്ടു പിടിക്കാൻ പോലും ഉത്തരവാദപ്പെട്ടവർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ മാനേജ്മെന്റ് ദയനീയ പരാജയം ആണ് എന്ന് തെളിയിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒന്നും ചെയ്യാൻ കഴിയാതെ ഇത്രയും ക്ഷമയോടെ ഇടപാടുകാർക്കു മുന്നിൽ നിന്നു കൊണ്ടിരിക്കുന്ന ജീവനക്കാരുടെ പ്രയാസം സംഘടന ഉൾക്കൊള്ളുകയാണ്. കണക്ഷനുമായി ബന്ധപ്പെട്ട് ബ്രാഞ്ചിൽ ജീവനക്കാരും ഇടപാടുകാരും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ യാതൊരു മറുപടിയും IT വിംഗിന് പറയാൻ കഴിയാത്തതിനാൽ ഈ വിഷയത്തിൽ ഇപ്പോൾ തന്നെ ചെയർമാനെ നേരിൽ കാണണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബാക്കി കാര്യങ്ങൾ വഴിയേ അറിയിക്കാം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

16.04.2024

# KGBEU OU ബുള്ളറ്റിൻ 52/2024

സഖാക്കളെ,

## വിഷയം: കണക്ടിവിറ്റി പ്രശ്നം: ചെയർമാനുമായി ചർച്ച നടത്തി

കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടന ചെയർമാനുമായി ചർച്ച നടത്തി. കഴിഞ്ഞ രണ്ടു ദിവസമായി കണക്റ്റിവിറ്റി പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ ബ്രാഞ്ചിൽ ജീവനക്കാരും ഇടപാടുകാരും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ ചെയർമാനോട് സംഘടന കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. തുടർന്ന് ബ്രാഞ്ചിൽ നെറ്റ്വർക്ക് ഇല്ലാത്തതു മൂലം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിശദമായി ചർച്ച നടത്തുകയും ചെയ്തു. വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നുവെന്നും പ്രശ്നം പരിഹരിക്കാൻ അടിയന്തിരമായി ഇടപെട്ട് വരികയാണ് എന്നും ചെയർമാൻ നമ്മെ അറിയിച്ചു. മൈഗ്രേഷൻ അതിന്റെ അവസാന ഘട്ടത്തിലാണ് എന്നും ഈ മാസം അവസാനത്തോടെ പൂർത്തിയാവുമെന്നും അതോടെ പ്രശ്നങ്ങൾ എല്ലാം പൂർണമായും പരിഹരിക്കപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നെറ്റ്വർക്ക് സംബന്ധമായ ബുദ്ധിമുട്ടുകൾ പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

മൈഗ്രേഷൻ സമയത്ത് Wipro നിയോഗിച്ചിരുന്ന ടീമിനെ കുറച്ചു ദിവസങ്ങൾക്ക് മുമ്പ് പൂർണ്ണമായും പിൻവലിച്ചു എന്നാണ് സംഘടനയ്ക്ക് കിട്ടിയ വിവരം. പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാൻ അത് ഇടയാക്കി. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തിക്കാൻ ഇടപെടുമെന്നും ചെയർമാൻ ഉറപ്പുനൽകിയിട്ടുണ്ട്.

നാം ഇടപെട്ടതിന് ശേഷം ചെയർമാൻ നേരിട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നേതൃത്വം കൊടുക്കുന്നുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.04.2024**

# <u>KGBEU OU ബുള്ളറ്റിൻ 53/2024</u>

സഖാക്കളെ,

## <u>വിഷയം: KCC LOS issue</u>

KCC ലോണുകൾ open ചെയ്യാൻ LOS mandatory ആക്കിയിരിക്കുകയാണ്. സർക്കുലറിൽ mandatory എന്ന വാക്ക് പറഞ്ഞില്ലെങ്കിലും പ്രവർത്തനത്തിൽ അത് കൊണ്ടു വന്നിരിക്കുന്നു. ഇത് അത്യന്തം പ്രതിഷേധാർഹമാണ്. ഒരു കാരണവശാലും ഈ രീതി അംഗീകരിക്കാവുന്നതല്ല. ശാഖകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും ഇടപാടുകാരെയും മാനസികാവസ്ഥ എന്താണെന്ന് മനസ്സിലാക്കാൻ സാധിക്കാതെ വികൃതമായ പെരുമാറ്റമാണ് മാനേജ്മെന്റ് നടത്തിക്കൊിരിക്കുന്നത്. ഇതിന്മേൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

ശാഖകളിൽ KCC open ചെയ്യാനും പുതുക്കാനും വന്ന ഇടപാടുകാരുടെ ചോദ്യത്തിന് മുന്നിൽ എന്ത് ചെയ്യണമെന്നറിയാതെ ജീവനക്കാർ പകച്ചു നിൽക്കുകയാണ്. തുടർച്ചയായുകുന്ന കണക്ടിവിറ്റി പ്രശ്നം പോലും പൂർണ്ണമായും പരിഹരിക്കാൻ കഴിയാതെ ഇരുട്ടിൽത്തപ്പുന്ന മാനേജ്മെന്റ് അവിടെയും ജീവനക്കാർ സഹിക്കുന്ന ബുദ്ധിമുട്ടുകൾ ഇല്ലെന്ന് നടിക്കുമ്പോഴാ ണ് ബോധപൂർവ്വം ഇത്തരമൊരവസ്ഥയിലേക്ക് നാമെല്ലാവരെയും തള്ളിവിടുന്നത്.

ചെയർമാനും ക്രെഡിറ്റ് ജനറൽ മാനേജരും ഹെഡ് ഓഫീസിൽ ഇല്ലാത്ത പശ്ചാത്തലത്തിൽ ക്രെഡിറ്റ് വിംഗ് ഹെഡിനോട് നേരിട്ടും ജനറൽ മാനേജരോട് ഫോൺ മുഖാന്തിരവും ഈ വിഷയം സംസാരിക്കുകയും അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിട്ടു ണ്ട്. ഉടൻ തന്നെ LMS മെനു പൂർണ്ണമായും enable ചെയ്യണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. IT വിംഗ് ജനറൽ മാനേജരോടും AGM നോടും കൂടി ഈ കാര്യം നാം സംസാരിച്ചിട്ടു ണ്ട്. മാനേജ്മെന്റ് യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ ഉൾക്കൊള്ളാത്തപക്ഷം ശക്തമായ രീതിയിൽ തന്നെ തുടർനടപടികളിലേക്ക് കടക്കാൻ സംഘടന നിർബന്ധിതമാകും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**03.05.2024**

# KGBEU OU ബുള്ളറ്റിൻ 55/2024

സഖാക്കളെ,

## വിഷയം: എക്സ് സർവീസ് ജീവനക്കാരുടെ Pay fixation സംബന്ധിച്ച്

ഈ വർഷം പുതുതായി ജോയിൻ ചെയ്ത എക്സ് സർവീസ് ജീവനക്കാരുടെ pay fixation നടത്താതെയുള്ള ശമ്പളമാണ് കഴിഞ്ഞ രണ്ടുമാസമായി നൽകിയത്. പുതിയ കരാർ വരുമ്പോൾ ഒരുമിച്ച് നൽകാം എന്നായിരുന്നു മാനേജ്മെൻറ് കണക്കുകൂട്ടൽ. എന്നാൽ Pay fixation എത്രയും പെട്ടെന്ന് നടത്തി പുതിയ സാലറി ഉടൻ തന്നെ അവർക്ക് നൽകണമെന്ന് നാം ശക്തമായി ആവശ്യപ്പെട്ടു. അതുപ്രകാരം മെയ് മാസത്തിൽ തന്നെ pay fixation നടത്തി പുതിയ സാലറി നൽകുമെന്ന് HR wing അറിയിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**10.05.2024**

## KGBEU OU ബുള്ളറ്റിൻ 56/2024

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ ചീഫ് ഇലക്ടറൽ ഓഫീസുമായി ചർച്ച നടത്തി

ട്രാൻസ്ഫർ സംബന്ധമായ കാര്യങ്ങളിൽ അനുകൂല തീരുമാനം ഉണ്ടാക്കുന്നതിനായി നമ്മുടെ സംഘടനാ പ്രതിനിധികൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിൽ സന്ദർശനം നടത്തുകയും ചർച്ച നടത്തുകയും ചെയ്തു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണറുടെ ഓഫീസിൽ നിന്നും ഇറക്കിയ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ഇറക്കുന്നതിനു തടസ്സമില്ല എന്നും റിലീവ് ചെയ്യുന്നതിന് മാത്രമേ നിബന്ധന വച്ചിട്ടുള്ളൂ എന്നും നാം ചൂണ്ടിക്കാട്ടി. നമ്മുടെ ബാങ്ക് മാനേജ്മെന്റ് അയച്ച കത്തിലെ വാക്കുകളിൽ ഉണ്ടായ പ്രശ്നം കാരണമാണ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിൽ നിന്നും നെഗറ്റീവായ മറുപടി ലഭിച്ചത് എന്നാണ് ഇന്ന് അറിയാൻ കഴിഞ്ഞത്. സംഘടന ഇവിടുത്തെ കാര്യങ്ങൾ കൃത്യമായി ഓഫീസറെ ബോധ്യപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ, ട്രാസ്ഫർ ഇറക്കാനുള്ള അനുവാദം രണ്ട് ദിവസത്തിനകം ബാങ്കിന് നൽകാം എന്ന ഉറപ്പ് അവിടെ നിന്നും ലഭിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**15.05.2024**

# KGBEU OU ബുള്ളറ്റിൻ 57/2024

സഖാക്കളെ,

## വിഷയം: OAST ട്രെയിനിംഗ് TA/HA

OAST കേഡറിൽ ട്രെയിനിംഗ് അറ്റൻഡ് ചെയ്ത ജീവനക്കാർക്ക് TA/HA claim ചെയ്യുമ്പോൾ അർഹതപ്പെട്ട തുക ലഭിച്ചില്ല എന്ന വിഷയം സംഘടനയുടെ ശ്രദ്ധയിൽ വന്നിരുന്നു. സംഘടന ഈ വിഷയത്തിൽ ഇടപെടുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം claim ലഭിച്ച ജീവനക്കാർക്ക് കുറഞ്ഞ തുക മാത്രമേ ലഭിച്ചിട്ടുണ്ടാവൂ. അവർ secondary trip select ചെയ്ത് HRMS വഴി ഒന്നുകൂടെ അപ്ലൈ ചെയ്യണം. അതിനു ശേഷം ഹാർഡ് കോപ്പി HR ലേക്ക് അയക്കണം. സംഘടനയുടെ ശ്രദ്ധയിലും പെടുത്തണം. Claim ലഭിച്ചിട്ടില്ലാത്തവർക്ക് അർഹതപ്പെട്ട തുക ലഭിക്കാൻ ഇടപെടൽ നടത്തിയിട്ടുണ്ട്. സംഘടനാ ഭേദമന്യേ ട്രെയിനിംഗ് അറ്റൻഡ് ചെയ്ത മുഴുവൻ OAST ജീവനക്കാരിലേക്കും ഈ സന്ദേശം എത്തിക്കണം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

17.05.2024

# KGBEU OU ബുള്ളറ്റിൻ 58/2024

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ ഉടൻ ഇറങ്ങും

സംഘടന വിവിധ വിഷയങ്ങളിൽ ചെയർപേഴ്സണുമായി ചർച്ച നടത്തി. ട്രാൻസ്ഫർ എന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയം ആയതിനാലും അതിൽ ജീവനക്കാർ വലിയ ആശങ്ക രേഖപ്പെടുത്തുന്നതിനാലും ആദ്യം സംസാരിച്ചത് ട്രാൻസ്ഫർ വിഷയമാണ്. ട്രാൻസ്ഫർ എത്രയും പെട്ടെന്ന് ഇറക്കേണ്ട ആവശ്യകത സംബന്ധിച്ച് നിരന്തരമായി മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തുകയും ചെയർപേഴ്സണെ കൃത്യമായി ബോധ്യപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായി ട്രാൻസ്ഫർ ലിസ്റ്റ് ഉടൻ പുറത്തിറക്കാം എന്ന് നമുക്ക് ഉറപ്പ് ലഭിച്ചു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**24.05.2024**

## KGBEU OU ബുള്ളറ്റിൻ 59/2024

സഖാക്കളെ,

### വിഷയം: ട്രാൻസ്ഫർ updates

ട്രാൻസ്ഫർ ഉടൻ ഇറക്കും എന്നാണ് ചെയർപേഴ്സൺ സംഘടനയ്ക്ക് ഉറപ്പ് തന്നിരുന്നത്. അതിൻപ്രകാരം ഈയാഴ്ച ഇറങ്ങും എന്നാണ് സംഘടന കരുതുന്നത്. ഈ കാര്യം ഉറപ്പിക്കുന്നതിനായി HR ജനറൽ മാനേജരെ ഇന്ന് രാവിലെ വീണ്ടും കണ്ടു. റിലീവ് ഡേറ്റ് സംബന്ധിച്ച ആശങ്കയാണ് GM നമ്മെ അറിയിച്ചത്. റിലീവ് ഡേറ്റ് സംബന്ധിച്ച് ആശങ്ക വേണ്ടതില്ല എന്നും ട്രാൻസ്ഫർ ഉടൻ ഇറക്കണമെന്നും റിലീവ് ഡേറ്റ് അടുത്തയാഴ്ച അറിയിച്ചാൽ മതിയെന്നും സംഘടന അഭിപ്രായം പറഞ്ഞു. ജീവനക്കാർക്ക് വിരുദ്ധമായ തീരുമാനം ഉണ്ടാകില്ല എന്നാണ് നമുക്ക് ഉറപ്പ് ലഭിച്ചത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**24.05.2024**

# KGBEU OU ബുള്ളറ്റിൻ 60/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ updates II

ട്രാൻസ്ഫർ വിഷയത്തിൽ HR നടത്തുന്ന നിരുത്തരവാദപരമായ ചെയ്തികൾ ജീവനക്കാർക്ക് വീണ്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ മാറിയിരിക്കുകയാണ്. ട്രാൻസ്ഫർ ലിസ്റ്റ് എത്രയും നേരത്തെ തയ്യാറാക്കണം എന്ന് ചെയർപേഴ്സൺ സംഘടനയ്ക്ക് മുന്നിൽ വച്ച് HR ന് നിർദേശം കൊടുത്തതിനെത്തുടർന്ന് ലിസ്റ്റ് ഏത് സമയത്തും തയ്യാറാണ് എന്ന് പറഞ്ഞ HR, അവസാന നിമിഷം വരെയും ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ചെയർപേഴ്സണുമായി സംഘടന ഫോണിൽ ബന്ധപ്പെടുകയും ഇന്ന് തന്നെ ലിസ്റ്റ് ഇറക്കാൻ ആവശ്യം ഉന്ന യിക്കുകയും ചെയ്തു. അതിനായി HR ജനറൽ മാനേജരുമായി കോൺഫറൻസ് call വഴി ഈ വിഷയം കൂട്ടായി ചർച്ച ചെയ്യുകയും ചെയ്തു. ട്രാൻസ്ഫർ ഇറക്കാൻ ചെയർപേഴ്സൺ നേരത്തെ തന്നെ തയ്യാറായിരിക്കുമ്പോഴും ലിസ്റ്റ് പൂർണ്ണമായും ഇറക്കാൻ പാകത്തിൽ തയ്യാറാക്കാത്ത HR നടപടി അപലപനീയമാണ്. ഇതിന്മേൽ സംഘടനയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇന്ന് ട്രാൻസ്ഫർ ലിസ്റ്റ് ഇറങ്ങില്ല. തിങ്കളാഴ്ച രാവിലെ പൂർണ്ണമായ ലിസ്റ്റോടു കൂടി എത്തിച്ചേരാൻ കർശനമായ നിർദ്ദേശം HR വിങ്ങിന് ചെയർപേഴ്സൺ  നൽകിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

27.05.2024

# KGBEU OU ബുള്ളറ്റിൻ 61/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ ചെയർപേഴ്സണുമായി ഇന്ന് നടന്ന ചർച്ച

ജനറൽ ട്രാൻസ്ഫർ വിഷയത്തിൽ വെള്ളിയാഴ്ച നടന്ന ചർച്ചയുടെ തുടർച്ചയായി ഇന്ന് രാവിലെ ചെയർപേഴ്സണും ആയി സംഘടനാ ജനറൽ സെക്രട്ടറിമാർ ചർച്ച നടത്തി. അതിനു മുന്നോടിയായി HR ജനറൽ മാനേജരുമായി ചെയർപേഴ്സൺ ചർച്ച നടത്തിയിരുന്നു. മെയ് 17 ന് നടന്ന അംഗീകൃത സംഘടനയുമായുള്ള ചർച്ചയിലെ തീരുമാന പ്രകാരം വെള്ളിയാഴ്ചയ്ക്കകം ട്രാൻസ്ഫർ ഇറക്കുമെന്നായിരുന്നു സംഘടന പ്രതീക്ഷിച്ചത് എന്നും ഇറക്കാത്തത് ജീവനക്കാർക്ക് വലിയ ബുദ്ധിമുട്ടും മക്കളുടെ പഠന കാര്യത്തിൽ വലിയ പ്രതിസന്ധി ഉണ്ടാക്കിയതും നാം ചൂണ്ടിക്കാട്ടി.

ഇത്തരം വിഷയങ്ങളിൽ അനുഭാവപൂർവ്വം തീരുമാനമെടുക്കുമെന്നും ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ മാനേജ്മെൻറ് ഭാഗത്തു നിന്നു ണ്ടാകുമെന്നും അദ്ദേഹം നമുക്ക് ഉറപ്പ് നൽകി. ഇങ്ങനെ സംഭവിച്ചതിൽ സംഘടനയുടെ പ്രതിഷേധം അറിയിച്ചപ്പോൾ ഇന്ന് തന്നെ ട്രാൻസ്ഫർ ഇറക്കാം എന്ന ഉറപ്പും സംഘടനയ്ക്ക് ലഭിച്ചിട്ടുണ്ട്.

ലിസ്റ്റ് പുറത്തിറക്കുന്ന സമയം വരെ സംഘടനയുടെ ഭാഗത്തു നിന്നുള്ള follow up ഉണ്ടാകും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**27.05.2024**

# KGBEU OU ബുള്ളറ്റിൻ 62/2024

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ ഗ്രീവൻസ്/ വയലേഷൻ

ചെയർപേഴ്സണുമായി സംഘടന ചർച്ച നടത്തുകയും അതിന്മേൽ ഉണ്ടാക്കിയ തീരുമാനത്തെയും തുടർന്ന് ഈ വർഷത്തെ ജനറൽ ട്രാൻസ്ഫർ ലിസ്റ്റ് ഇറങ്ങിയിട്ടു. മുഴുവൻ ട്രാൻസ്ഫറുകളും ഒരുമിച്ച് ഇറക്കണം എന്ന നമ്മുടെ ദീർഘകാല ആവശ്യം ജോയിന്റ് കോൺഫറൻസ് വഴി ഉന്നയിക്കുകയും ഈ ട്രാൻസ്ഫറിൽ OATD ട്രാൻസ്ഫർ ഒഴികെ അത് നേടിയെടുക്കാനും നമുക്ക് കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. OATD ട്രാൻസ്ഫർ ഉടൻ ഇറക്കും എന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ഗ്രീവൻസ്/ പോളിസി വയലേഷൻ ഉള്ളവർ എത്രയും പെട്ടെന്ന് സംഘടനാ നേതൃത്വത്തെ അറിയിക്കണം. തങ്ങളുടെ ഗ്രീവൻസ് HR വിംഗിലേക്ക് അടുത്ത ദിവസം തന്നെ അയക്കുകയും വേണം. അതിന്റെ ഒരു കോപ്പി ജില്ലാ സെക്രട്ടറിമാർക്കും കൊടുക്കണം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**14.06.2024**

# KGBEU OU ബുള്ളറ്റിൻ 63/2024

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ & മോഡിഫിക്കേഷൻ

ജനറൽ ട്രാൻസ്ഫർ നടപടികൾ അതിന്റെ അവസാനഘട്ടത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി ഓഫീസർ കേഡറിൽ മോഡിഫിക്കേഷൻ ലിസ്റ്റ് ഇന്നലെ പുറത്തിറങ്ങുകയുണ്ടായി. മെയിൻ ലിസ്റ്റുൾപ്പെടെയുള്ള ലിസ്റ്റുകൾ എല്ലാം പരിശോധിച്ചപ്പോൾ മുഴുവൻ കേഡറുകളിലും കൃത്യമായ ഗൃഹപാഠം ചെയ്യുകയോ മാനദണ്ഡം ഉണ്ടാക്കുകയോ ട്രാൻസ്ഫർ പോളിസി എന്താണെന്ന് മനസ്സിലാക്കുകയോ ചെയ്യാതെയാണ് ഇത്തവണ ട്രാൻസ്ഫർ ഇറക്കിയിരിക്കുന്നത് എന്നത് വ്യക്തമാണ്. ജീവനക്കാരുടെ അർഹമായ ഗ്രീവൻസുകൾക്ക് ഒരു വിലയും കൽപ്പിക്കാതിരിക്കുകയും അനർഹമായവ തിരുകിക്കയറ്റുകയും ചെയ്ത നിരവധി ഉദാഹരണങ്ങൾ കാണാനും സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഉടൻ ചെയർപേഴ്സണുമായി സംസാരിക്കും. അതിനു ശേഷം ഭാവിപരിപാടികൾ തീരുമാനിക്കും.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

**18.06.2024**

# KGBEU OU ബുള്ളറ്റിൻ 64/2024

സഖാക്കളെ,

## വിഷയം: ബോണസ്

അർഹരായ ജീവനക്കാർക്ക് ബോണസ് ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ട്  ചെയർപേഴ്സണു കത്തുനൽകി

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**19.06.2024**

## KGBEU OU ബുള്ളറ്റിൻ 65/2024

സഖാക്കളെ,

## വിഷയം: പ്രമോഷൻ നടപടികൾ ഉടൻ പൂർത്തീകരിക്കുക

നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ് സമയബന്ധിതമായി പ്രമോഷൻ നടത്തുക എന്നത്. പലപ്പോഴും വളരെ വൈകിയാണ് പ്രമോഷൻ നടക്കുന്നത് എന്നത് എല്ലാ അർത്ഥത്തിലും ജീവനക്കാർക്ക് വലിയ നഷ്ടമാണ് ഉണ്ടാക്കുന്നത്. എത്രയും പെട്ടെന്ന് പ്രമോഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളിലേക്ക് കടക്കണം എന്നാവശ്യപ്പെട്ട് ഇന്ന് ചെയർപേഴ്സണു കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

24.06.2024

# KGBEU OU ബുള്ളറ്റിൻ 66/2024

സഖാക്കളെ,

## വിഷയം: 29 OATD മാരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും ഉടൻ നൽകുക

29 OATD ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഇനിയും പൂർണ്ണമായും നൽകിയിട്ടില്ല. 12 വർഷത്തിലധികം നീണ്ടു നിന്ന നിയമപോരാട്ടങ്ങൾക്ക് ഒടുവിലാണ് നിയമനം പോലും അംഗീകരിക്കപ്പെട്ടത്. നിയമനം അംഗീകരിച്ച് 3 മാസം പിന്നിടുമ്പോഴും അവർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നത് അംഗീകരിക്കാനാവാത്ത കാര്യമാണ്. മറ്റു തിരക്കുകൾ ഉള്ളതിനാൽ ഈ മാസവും നൽകാൻ കഴിയില്ല എന്നാണ് ലഭിച്ച മറുപടി. മെയ് 7 ന് ചെയർപേഴ്സണുമായി നടന്ന ചർച്ചയിൽ കഴിഞ്ഞ മാസം തന്നെ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകും എന്ന ഉറപ്പ് നമുക്ക് ലഭിച്ചിരുന്നു. തൊഴിലാളി വിരുദ്ധമായ മാനേജ് മെന്റ് നടപടി അംഗീകരിക്കില്ല എന്നും ഈ മാസം തന്നെ പൂർണ്ണമായ ആനുകൂല്യങ്ങൾ നൽകണം എന്നും ആവശ്യപ്പെട്ട് സംഘടന ചെയർപേഴ്സണു കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**24.06.2024**

# KGBEU OU ബുള്ളറ്റിൻ 67/2024

സഖാക്കളെ,

## വിഷയം: യഥാർത്ഥ വേക്കൻസികൾ പ്രഖ്യാപിച്ച് നിയമനം നടത്തുക

ഈ വർഷത്തെ റിക്രൂട്ട്മെന്റ് നടപടികളുടെ ഭാഗമായി വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ യഥാർത്ഥ വേക്കൻസിയുടെ അടുത്ത് പോലും എത്താത്ത തരത്തിലാണ് ഇത്തവണ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ നടന്ന ശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം, മുഴുവനായും അല്ലെങ്കിലും ഭേദപ്പെട്ട വേക്കൻസികൾ പ്രഖ്യാപിച്ചിരുന്നു. NABARD ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും Mitra man power കമ്മിറ്റി പ്രകാരം വേക്കൻസി നിർണ്ണയിക്കാൻ മാനേജ്മെന്റ് തയ്യാറായിട്ടില്ല.

ഈ വിഷയത്തിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ചെയർപേഴ്സണു കത്ത് അയക്കുകയും വേക്കൻസികൾ പുനർനിർണ്ണയിച്ച് യഥാർത്ഥ വേക്കൻസികൾ പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. മുഴുവൻ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും NABARD നിർദേശത്തിന്റെയും JCC മീറ്റിംഗിന്റെ മിനുട്സ് ഉൾപ്പെടെയുള്ള രേഖകളും ഉൾപ്പെടുത്തിക്കൊണ്ട് കത്തയച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**29.06.2024**

# KGBEU OU ബുള്ളറ്റിൻ 68/2024

സഖാക്കളെ,

## വിഷയം: ജോയിന്റ് കോൺഫറൻസ് AP

ജീവനക്കാരുമായും സ്ഥാപനവുമായും ബന്ധപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യാൻ മൂന്ന് മാസം കൂടുമ്പോൾ മാനേജ്മെന്റും അംഗീകൃത സംഘടനകളും ചേർന്ന് നടക്കുന്ന ജോയിന്റ് കോൺഫറൻസിന്റെ AP നൽകാൻ മാനേജ്മെന്റ് നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്. അജണ്ടയിൽ ഉൾപ്പെടുത്താനുള്ള ആവശ്യങ്ങൾ എന്തെങ്കിലും നിർദേശിക്കാൻ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിമാരെ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**02.07.2024**

# KGBEU OU ബുള്ളറ്റിൻ 69/2024

സഖാക്കളെ,

## വിഷയം: Reply to ഇൻഷുറൻസ് ബിസിനസ്സ് target

ഇൻഷുറൻസ് ബിസിനസിന് target fix ചെയ്തു കൊണ്ടുള്ള letter ബ്രാഞ്ചുകളിൽ വന്നിട്ടുണ്ട്. ഇത് അംഗീകൃത സംഘടനകളും മാനേജ്മെന്റും തമ്മിൽ ഉണ്ടാക്കിയ കരാറിന് വിരുദ്ധമാണ്. ബാങ്ക് ജീവനക്കാർ ചെയ്യേണ്ടത് ബാങ്കിംഗ് ആണ്. അത് ഏറ്റവും മികച്ച രീതിയിൽ ചെയ്യാൻ മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

ഇൻഷുറൻസ് ബിസിനസിന് target fix ചെയ്തു കൊണ്ടുള്ള ലെറ്ററിനു മറുപടിയായി

'Fixing  target on insurance business is against the concensus arrived in the joint conference held between the recognised unions and management. Hence having disagreement in associating with insurance business."

എന്ന് കൊടുത്താൽ മതിയാവും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**16.08.2024**

## KGBEU OU ബുള്ളറ്റിൻ 90/2024

സഖാക്കളെ,

## വിഷയം: Group Term Life Insurance (GTLI)

ജീവനക്കാർക്ക് Group Term Life Insurance (GTLI) നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റുമായി ചർച്ച നടത്തുകയും ഒന്നിലധികം തവണ കത്ത് നൽകുകയും ജോയിൻറ് കോൺഫറൻസിൽ ഉൾപ്പെടെ അവതരിപ്പിക്കുകയും ചെയ്തതാണ്. നവംബർ മാസം ആകുമ്പോഴേക്കും GTLI പദ്ധതി നടപ്പിലാക്കാം എന്നാണ് അന്ന് ധാരണയിൽ എത്തിയിരുന്നത്. ജീവനക്കാർ അകാലത്തിൽ മരണപ്പെടുമ്പോൾ അവരുടെ കുടുംബം സാമ്പത്തികമായ അനിശ്ചിതാവസ്ഥയിലേക്ക് പോകുന്നതിൽ നിന്ന് ഒരുപരിധി വരെ തടഞ്ഞു നിർത്താൻ ഈ സ്കീമിന് കഴിയും എന്നതാണ് പ്രത്യേകത. ഉടൻ തന്നെ ഇതുമായി ബന്ധപ്പെട്ട നടപടി ആരംഭിക്കണം എന്നാവശ്യപ്പെട്ട് ഇന്ന് ചെയർപേഴ്സണു കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**06.07.2024**

# <u>KGBEU OU ബുള്ളറ്റിൻ 71/2024</u>

സഖാക്കളെ,

## <u>വിഷയം: Bipartite settlement</u>

BPS hnjbw AIRRBEA Govt. തലത്തിൽ follow up ചെയ്തു വരികയാണ്. രണ്ട് കാര്യങ്ങൾ ആണ് നാം ഇതിൽ ആവശ്യപ്പെടുന്നത്.

ഒന്ന്  ഉടൻ ഓർഡർ ഇറക്കണം
രണ്ട്  എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടുന്നത് ആയിരിക്കണം ഓർഡർ.

നമുക്ക് കിട്ടുന്ന വിവരം അനുസരിച്ചു അടുത്ത ആഴ്ച ആദ്യം തന്നെ order ഇറങ്ങും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

08.07.2024

# KGBEU OU ബുള്ളറ്റിൻ 72/2024

സഖാക്കളെ,

## വിഷയം: Bipartite settlement RRB കളിൽ ഉത്തരവിറങ്ങി

പന്ത്രണ്ടാം ഉഭയകക്ഷി കരാർ RRB കളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബുള്ളറ്റിൻ സംഘടന കഴിഞ്ഞദിവസം പുറത്തിറക്കിയിരുന്നു. തുടർന്ന് പന്ത്രണ്ടാം ഉഭയകക്ഷി കരാർ ഗ്രാമീണ ബാങ്കുകളിൽ നടപ്പിലാക്കിക്കൊള്ള ഉത്തരവ് DFS ൽ നിന്നും ഇന്ന് ഇറങ്ങിയിരിക്കുകയാണ്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇത്തവണ ശമ്പളവും മുഴുവൻ അലവൻസുകളും RRB കൾക്ക് ഒരുമിച്ച് അനുവദിച്ചുകൊണ്ടാണ് ഉത്തരവിറങ്ങിയിരിക്കുന്നത്. വേതനപരിഷ്ക്കരണം അത്തരത്തിൽ നടപ്പിലാക്കണം എന്ന AIRRBEA യുടെ ആവശ്യം നിരന്തരമായ നമ്മുടെ പോരാട്ടത്തെത്തുടർന്ന് അംഗീകരിക്കുകയാണ് ഉണ്ടായത്.

ഈ ഘട്ടത്തിൽ ഗ്രാമീണ ബാങ്കുകളിലെ ജീവനക്കാർക്ക്, പൊതുമേഖലാ വാണിജ്യ ബാങ്കുകളിലെ ജീവനക്കാരുടേതിന് തുല്യമായ വേതനഘടന നേടിയെടുക്കാൻ AIRRBEA നേതൃത്വത്തിൽ നമ്മുടെ മുൻഗാമികൾ നടത്തിയ വലിയ പോരാട്ടങ്ങൾ അഭിമാനത്തോടെ സ്മരിക്കുന്നു. വിശദ വിവരങ്ങൾ സർക്കുലർ രൂപത്തിൽ ഇറക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**08.07.2024**

# KGBEU OU ബുള്ളറ്റിൻ 73/2024

സഖാക്കളെ,

## വിഷയം: BPS അലവൻസ് വിഷയം ചെയർപേഴ്സണുമായി സംസാരിച്ചു

BPS ഉത്തരവ് വന്ന പശ്ചാത്തലത്തിൽ ഇന്ന് ചെയർപേഴ്സണെ കാണുകയും ചില പ്രധാനപ്പെട്ട കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ഈ മാസം തന്നെ മുഴുവൻ ജീവനക്കാർക്കും BPS ആനുകൂല്യങ്ങൾ നൽകുമെന്ന് ചെയർപേഴ്സൺ അറിയിക്കുകയും ആ തീരുമാനത്തിന് മുഴുവൻ ജീവനക്കാർക്കും വേണ്ടി സംഘടനയുടെ നന്ദി അവരോട് രേഖപ്പെടുത്തുകയും ചെയ്തു.

ജീവനക്കാർക്കൊപ്പം തന്നെ റിട്ടയർ ചെയ്തവർക്കും പന്ത്രണ്ടാം കരാർ പ്രകാരം അർഹമായ മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്ന് നാം ആവശ്യപ്പെട്ടു. അതിനായി പരമാവധി ശ്രമിക്കുമെന്ന് നമുക്ക് ഉറപ്പുനൽകി.

NIT (National Industrial Tribunal) അവാർഡ് വഴിയാണ് RRB ജീവനക്കാർക്ക് വേതന തുല്യത ലഭിക്കുന്നത് എന്നും അത് AIRRBEA എന്ന ഭൂരിപക്ഷ സംഘടനയുടെ നേട്ടമാണ് എന്നും ചെയർപേഴ്സണെ അറിയിക്കുകയും പിന്നീട് അത് അട്ടിമറിക്കാൻ കേന്ദ്രസർക്കാരും മാനേജ്മെന്റും ശ്രമിച്ചപ്പോൾ വലിയ പ്രക്ഷോഭം നടത്തി നിയമയുദ്ധത്തിലൂടെയാണ് 2001 ൽ വേതന തുല്യത അരക്കിട്ടുറപ്പിച്ചത് എന്നും രേഖകൾ സഹിതം അവരെ അറിയിച്ചു.

കഴിഞ്ഞ കാലങ്ങളിൽ BPS നടപ്പിലാക്കുമ്പോൾ അലവൻസുകൾ തീരുമാനിക്കാൻ സ്പോൺസർ ബാങ്കുകൾക്ക് ഒരു പരിധിവരെ ഇടപെടാൻ അനുവാദം നൽകിയിരുന്നു. എന്നാൽ AIRRBEA യുടെ നിരന്തരമായ ഇടപെടൽ വഴി ഇത്തവണ സ്പോൺസർ ബാങ്കുകൾക്ക് യാതൊരു ഇടവും നൽകാതെയാണ് BPS നടപ്പിലാക്കണമെന്ന ഉത്തരവ് DFS ഇറക്കിയത്. ഇത്തവണത്തെ ഓർഡറും കഴിഞ്ഞ ഓർഡറും തമ്മിലുള്ള വ്യത്യാസവും അവരുടെ ശ്രദ്ധയിൽ പെടുത്തി. ആയതിനാൽ അതിന്റേതായ സ്പിരിറ്റിൽ സ്പോൺസർ ബാങ്കുകൾക്കു തുല്യമായ മുഴുവൻ അലവൻസുകളും നമ്മുടെ ബാങ്കിൽ നടപ്പാക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. സംഘടന ആവശ്യപ്പെട്ടതുപ്രകാരം അർഹമായ മുഴുവൻ ആനുകൂല്യങ്ങളും നൽകുമെന്ന് ചെയർപേഴ്സൺ നമുക്ക് ഉറപ്പുനൽകി.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

09.07.2024

# KGBEU OU ബുള്ളറ്റിൻ 74/2024

സഖാക്കളെ,

## വിഷയം: നിയമവിരുദ്ധ നടപടികൾക്കെതിരെ ശക്തമായ പ്രതിഷേധം

365 ദിവസവും ജോലി ചെയ്യണം എന്ന് കാണിച്ച് ഓഫീസർമാർക്ക് KRA നൽകിയതുമായി ബന്ധപ്പെട്ടും നിയമം കാറ്റിൽപ്പറത്തി പ്രൊബേഷൻ പീരിയഡ് നീട്ടിയ വിഷയവും ചൂണ്ടിക്കാട്ടി അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തി സംഘടന ചെയർപേഴ്സണു കത്ത് നൽകി. വിംഗ് ഹെഡ്/ ബ്രാഞ്ച് മാനേജർമാർ തങ്ങൾക്ക് ലഭിക്കുന്ന അധികാരം ദുർവിനിയോഗം ചെയ്യുന്നത് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് ഹെഡ് ഓഫീസിനു മുന്നിലും കണ്ണൂർ ഓഫീസ് ബിൽഡിങ്ങിനു മുന്നിലും പ്രതിഷേധ പ്രകടനം നടത്താൻ ആഹ്വാനം ചെയ്യുന്നു. എത്രയും പെട്ടെന്ന് നിയമവിരുദ്ധമായ നടപടികൾ തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിലേക്ക് കടക്കാൻ സംഘടന നിർബന്ധിക്കപ്പെടും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**09.07.2024**

# KGBEU OU ബുള്ളറ്റിൻ 75/2024

സഖാക്കളെ,

## വിഷയം: ചെയർപേഴ്സെൻ്റ ഉറപ്പിനെത്തുടർന്ന് പ്രതിഷേധപരിപാടികൾ നിർത്തിവച്ചു

നിയമവിരുദ്ധമായി KRA നൽകിയതും നിയമവിരുദ്ധമായി പ്രൊബേഷൻ നീട്ടിയതുമായ വിഷയങ്ങളിൽ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയർപേഴ്സണു കത്ത് നൽകുകയും ചെയ്തിരുന്നു. ഹെഡ് ഓഫീസിനു മുന്നിലും കണ്ണൂർ ഓഫീസ് ബിൽഡിങ്ങിനു മുന്നിലും പ്രതിഷേധ പ്രകടനം നടത്താനും തീരുമാനിച്ചിരുന്നു. തുടർന്ന് ചെയർപേഴ്സൺ സംഘടനാ ജനറൽ സെക്രട്ടറിമാരെ വിളിച്ച് ഈ വിഷയങ്ങളിന്മേൽ ചർച്ച നടത്തുകയും സംഘടന ഈ രണ്ട് കാര്യങ്ങളും ചെയർപേഴ്സണു വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തു.

സംഘടന ഉയർത്തിയ വിഷയങ്ങൾ ന്യായമാണ് എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് രണ്ട് വിഷയങ്ങളിന്മേലും പുനഃപരിശോധന നടത്തി ന്യായമായ തീരുമാനം കൈക്കൊള്ളാം എന്ന് ചെയർപേഴ്സൺ സംഘടനയ്ക്ക് ഉറപ്പ് നൽകി. ഈ പശ്ചാത്തലത്തിൽ പ്രതിഷേധപ്രകടനം താൽക്കാലികമായി പിൻവലിക്കുകയും HO യൂണിറ്റ് യോഗം ചേർന്ന് കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

11.07.2024

# KGBEU OU ബുള്ളറ്റിൻ 76/2024

സഖാക്കളെ,

## വിഷയം: ഓഫീസർമാരുടെ CAIIB സർട്ടിഫിക്കറ്റ്

CAIIB holders ആയ ഓഫീസർമാർ CAIIB സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് HR ലേക്ക് അയക്കണം എന്നാവശ്യപ്പെട്ട് ലെറ്റർ (1162961) വന്നിട്ടുണ്ട്. നിലവിൽ 2016 ൽ വന്ന HRMS മുഖാന്തിരമാണ് salary upload ചെയ്യുന്നത്. നിരവധി പേരുടെ CAIIB വിവരങ്ങൾ HRMS Â update ചെയ്തിട്ടില്ല. 12th BPS പ്രകാരം ഓഫീസർമാർക്ക് ഒരു അഡീഷണൽ increment ലഭിക്കേണ്ടതുണ്ട്. ഈ മാസം പുതുക്കിയ ശമ്പളവും അരിയറും ലഭിക്കും എന്നതിനാൽ ഓഫീസർമാരുടെ CAIIB വിവരം എത്രയും പെട്ടെന്ന് HRMS ൽ update ചെയ്യുന്നതിനായാണ് hard copy attest ചെയ്ത് അയക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ആരുടെയെങ്കിലും CAIIB സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയോ ഇപ്പോൾ കയ്യിൽ ഇല്ലാതിരിക്കുകയോ ആണെങ്കിൽ ഈ ലെറ്ററിനു, CAIIB holder ആണെന്നും increment കൈപ്പറ്റിക്കൊിരിക്കുന്ന ആൾ ആണെന്നും കാണിച്ച് മറുപടി അയച്ചാൽ മതി.

ജീവനക്കാരുടെതല്ലാത്ത കാരണത്താൽ ഒരാൾക്കും CAIIB increment കിട്ടാതിരിക്കുകയോ വൈകുകയോ ചെയ്യാൻ പാടില്ല എന്ന് HR വിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുണ്ടാവില്ല എന്ന് സംഘടനയ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**24.07.2024**

# KGBEU OU ബുള്ളറ്റിൻ 77/2024

സഖാക്കളെ,

## വിഷയം: പ്രമോഷൻ പരീക്ഷ

പ്രമോഷൻ പരീക്ഷയുമായി ബന്ധപ്പെട്ട് HR ൽ സംസാരിച്ചു. അതിന്റെ വിശദാംശങ്ങൾ.

കണ്ണൂർ, കോഴിക്കോട്, തൃശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സെന്ററുകളിലാണ് പ്രമോഷൻ പരീക്ഷ നടക്കുന്നത്. ഓരോ സെന്ററുകളിലും attend ചെയ്യേണ്ടവർ താഴെപറയുന്ന കാണിച്ചത് പ്രകാരമാണ്.

1. കണ്ണൂർ: കാസറഗോഡ്, കണ്ണൂർ 1, കണ്ണൂർ 2 റീജിയണുകളിൽ ജോലി ചെയ്യുന്നവർ.

2. കോഴിക്കോട്: വയനാട്, കോഴിക്കോട്, മലപ്പുറം റീജിയണുകളിലും HO യിലും ജോലി ചെയ്യുന്നവർ.

3. തൃശൂർ: പാലക്കാട്, തൃശൂർ റീജിയണുകളിൽ ജോലി ചെയ്യുന്നവർ.

4. എറണാകുളം: എറണാകുളം, കോട്ടയം റീജിയണുകളിൽ ജോലി ചെയ്യുന്നവർ.

5. തിരുവനന്തപുരം: പത്തനംതിട്ട, തിരുവനന്തപുരം റീജിയണുകളിൽ ജോലി ചെയ്യുന്നവർ.

ഏതെങ്കിലും സെന്ററിന് വേണ്ടി നേരത്തെ തന്നെ പ്രത്യേകമായി അപേക്ഷിച്ചവർക്ക് അവർ ആവശ്യപ്പെട്ട സെന്റർ നൽകിയിട്ടുണ്ട്.

Hall ticket ജീവനക്കാർക്ക് അയച്ചു കഴിഞ്ഞു. ജൂലൈ 26 ന് (വെള്ളിയാഴ്ച) രാവിലെ വരെ hall ticket ലഭിച്ചില്ല എങ്കിൽ ആ വിവരം അറിയിക്കുന്ന മുറക്ക് hall ticket ലഭിക്കാനുള്ള ഏർപ്പാട് ചെയ്യും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**25.07.2024**

# KGBEU OU ബുള്ളറ്റിൻ 78/2024

സഖാക്കളെ,

## വിഷയം: PMO യിലെ ജീവനക്കാരുടെ അലവൻസുകൾ വെട്ടിക്കുറച്ചതിനെതിരെ ശക്തമായ പ്രതിഷേധം

PMO യിൽ ജോലിചെയ്യുന്ന ജീവനക്കാർക്കുള്ള അലവൻസുകൾ വെട്ടിക്കുറച്ചു കൊണ്ടുള്ള പുതിയ ഉത്തരവ് HR വിംഗ് ഇന്നലെ പുറത്തിറക്കി. അതു പ്രകാരം, നിലവിൽ ലഭിക്കുന്ന തിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള തുക മാത്രമാണ് അവിടെയുള്ള ജീവനക്കാർക്ക് ലഭിക്കുക. ശമ്പള പരിഷ്ക്കരണം വരുമ്പോൾ അർഹമായ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്ന മാനേജ്മെന്റ് നിലപാട് എല്ലാക്കാലത്തും നാം കാണാറുണ്ട്. ഇതിന്മേൽ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ ചെയർപേഴ്സണു കത്ത് നൽകി. കത്തിന്റെ കോപ്പി മുഴുവൻ ബോർഡ് അംഗങ്ങൾക്കും അയക്കുകയും ചെയ്തു. രണ്ട് ദിവസം ചെയർപേഴ്സൺ HO യിൽ ഇല്ല എന്നതിനാൽ അവരെ ഫോൺ വഴി ബന്ധപ്പെടുകയും കാര്യങ്ങൾ സഗൗരവം ചർച്ച നടത്തുകയും ചെയ്തു.

പുതിയ കരാർ പ്രകാരം അലവൻസുകൾ വർദ്ധിപ്പിച്ചു നൽകുന്നതിനു പകരം അലവൻ സുകൾ വെട്ടിക്കുറച്ചത് DFS ഓർഡറിന്റെ വയലേഷനാണ് എന്ന് നാം ചെയർപേഴ്സണെ അറിയിച്ചു. സംഘടന നടത്തിയ ദീർഘനാളത്തെ ഇടപെടലിന്റെ ഭാഗമായാണ് ബംഗളൂരു വിലും മുംബൈയിലും ജോലി ചെയ്യുന്ന എല്ലാവർക്കും അലവൻസുകൾ നൽകാൻ മാനേജ്മെന്റ് തീരുമാനിച്ചത് എന്ന കാര്യം അവരെ ധരിപ്പിച്ചു. തുടർന്ന് HR വിംഗ് ഇറക്കിയ communication പ്രകാരം option കൊടുത്ത് വന്നവർക്ക് ഇരുട്ടടി കൊടുത്ത ഇന്നലത്തെ മെമ്മോയിലെ തൊഴിലാളി വിരുദ്ധത നാം ചെയർപേഴ്സണെ കൃത്യമായി ബോധ്യപ്പെടുത്തുകയും ചെയ്തു. ആയതിനാൽ ഇന്നലത്തെ ഉത്തരവ് പിൻവലിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകണമെന്ന് സംഘടന ആവശ്യപ്പെട്ടു.

തിങ്കളാഴ്ച ഓഫീസിൽ മടങ്ങിയെത്തുമെന്നും സംഘടന പറഞ്ഞ കാര്യങ്ങളുടെ വസ്തുതകൾ വിശദമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്താം എന്നും ചെയർപേഴ്സൺ നമുക്ക് ഉറപ്പ് നൽകി.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

29.07.2024

## KGBEU OU ബുള്ളറ്റിൻ 79/2024

സഖാക്കളെ,

## വിഷയം: ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച തീരുമാനം പിൻവലിക്കുക

12th BPS/ 9th Joint note പ്രകാരം നമുക്ക് അനുവദിച്ച ശമ്പളത്തിലും അലവൻസിലും നിഷേധാത്മകമായ സമീപനമാണ് മാനേജ്മെന്റ് വച്ചുപുലർത്തിയത്. ഓഫീസർമാർക്ക് deputation allowance/ halting allowance വെട്ടിക്കുറക്കാനുള്ള തീരുമാനം PMO ജീവനക്കാർക്ക് അനുവദിക്കപ്പെട്ട സർക്കുലർ രൂപത്തിൽ പുറത്തു വന്നപ്പോൾ, ക്ലറിക്കൽ ജീവനക്കാർക്ക് നൽകുന്ന special allowance റദ്ദ് ചെയ്തു കൊണ്ടാണ് വർക്ക്മെൻ ജീവനക്കാരുടെ കാര്യത്തിൽ മാനേജ്മെന്റ് നിലപാട് വ്യക്തമാക്കിയത്. അതുവഴി 50000 രൂപയ്ക്കടുത്താണ് ജീവനക്കാർക്ക് അരിയർ ഇനത്തിൽ മാത്രം നഷ്ടമായത്. ജീവനക്കാരുടെ ആനുകൂല്യത്തിൽ, വഴിയേ മാനേജ്മെന്റ് കൈക്കൊള്ളാനിരിക്കുന്ന തീരുമാനങ്ങളുടെ തുടക്കം മാത്രമാണ് ഇത്. ഇതിൽ സംഘടന അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. രാവിലെതന്നെ ചെയർപേഴ്സണെ കണ്ട് ഈ വിഷയം ചർച്ച ചെയ്യും. അനുകൂല തീരുമാനം ഉണ്ടാകാത്തപക്ഷം അടിയന്തിര കേന്ദ്രകമ്മിറ്റി യോഗം ചേർന്ന് പ്രക്ഷോഭത്തിലേക്ക് നീങ്ങാനാണ് സംഘടന തീരുമാനിച്ചിരിക്കുന്നത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

29.07.2024

## KGBEU OU ബുള്ളറ്റിൻ 80/2024

സഖാക്കളെ,

## വിഷയം: ജീവനക്കാരുടെ അലവൻസ് ചെയർപേഴ്സണുമായി ചർച്ച നടത്തി

12th BPS/ 9th Joint note പ്രകാരം ജീവനക്കാർക്ക് അനുവദിക്കപ്പെട്ട അലവൻസുകളിലെ implementation സംബന്ധിച്ച് ചെയർപേഴ്സണുമായി സംസാരിച്ചു. PMO യിലെ ജീവനക്കാർക്ക് അനുവദിക്കപ്പെട്ട halting allowance റദ്ദാക്കിയത്, ക്ലറിക്കൽ ജീവനക്കാർക്ക് special allowance നൽകാതിരുന്നത് തുടങ്ങിയ തീരുമാനങ്ങൾ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണെന്നും എത്രയും പെട്ടെന്ന് തൊഴിലാളി വിരുദ്ധമായ തീരുമാനം തിരുത്തി 12th BPS/ 9th Joint note, DFS ൽ നിന്നും വന്ന ഉത്തരവ് പ്രകാരം നടപ്പിലാക്കണമെന്നും നാം ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ചെയർപേഴ്സണുമായി ഫോൺ വഴിയും ചർച്ച നടത്തിയിരുന്നു. ജീവനക്കാർക്ക് അർഹമായ ഒന്നും തന്നെ നിഷേധിക്കില്ല എന്നാണ് ചെയർപേഴ്സൺ ആദ്യമെ തന്നെ സംഘടനയ്ക്ക് ഉറപ്പ് നൽകിയത്.

HR വിംഗിനോട് ഇതുമായി ബന്ധപ്പെട്ട് clarification ആവശ്യപ്പെട്ടിട്ടുണ്ട്. നിയമപരമായി ലഭിക്കേണ്ടുന്ന കാര്യങ്ങൾ റദ്ദ് ചെയ്യില്ല എന്നും, അടുത്ത ദിവസം തന്നെ ഈ കാര്യം സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുമെന്നും ചെയർപേഴ്സൺ നമുക്ക് ഉറപ്പ് നൽകി.

നിയമവിരുദ്ധമായി probation extend ചെയ്ത നടപടി തിരുത്തണമെന്നാവശ്യപ്പെട്ട് സംഘടന നൽകിയ കത്തും തുടർന്ന് ചെയർപേഴ്സണുമായി നടന്ന ചർച്ചയിലെ ഉറപ്പും പാലിക്കപ്പെട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തി. അതിന്മേൽ ഉടൻ തന്നെ തീരുമാനം എടുക്കാനാവശ്യമായ നിർദേശം HR വിംഗിന് നൽകിയിട്ടുണ്ട് എന്നും അധികം നീണ്ടു പോകില്ല എന്നും ചെയർപേഴ്സൺ സംഘടനയോട് പറഞ്ഞു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

01.08.2024

# <u>KGBEU OU ബുള്ളറ്റിൻ 81/2024</u>

സഖാക്കളെ,

## <u>വിഷയം: ദുരന്തബാധിതർക്ക് കൈത്താങ്ങാവുക</u>

കനത്ത മഴയെയും ഉരുൾപൊട്ടലിനെയും തുടർന്ന് നാളിതുവരെ കിട്ടില്ലാത്ത നാശനഷ്ടങ്ങളാണ് വയനാട് സംഭവിച്ചു കൊണ്ടിരിക്കുന്നത്. മുന്നോറോളം മനുഷ്യ ജീവനുകളാണ് ഇതുവരെ നഷ്ടപ്പെട്ടത്. ശരീരഭാഗങ്ങൾ പലതും ഇല്ലാത്ത അവസ്ഥയിലാണ് മൃതദേഹങ്ങൾ കണ്ടെടുക്കുന്നത് എന്നത് ദുരന്തത്തിന്റെ വ്യാപ്തി വിളിച്ചറിയിക്കുന്നു. നൂറുകണക്കിന് ആളുകളെ കാണാനില്ലെന്നും കണക്കാക്കിയിട്ടുണ്ട്. വീടുകളും കൃഷിയിടങ്ങളും ഗ്രാമങ്ങളും എല്ലാം വെള്ളത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചില്ലാതായിരിക്കുന്നു. ഇവയെല്ലാം പുനർ നിർമിക്കുക എന്നത് അതീവ ദുഷ്കരമായ ദൗത്യമാണ്. അത്തരം ദൗത്യങ്ങളിൽ നമ്മുടെ സംഘടനയും എല്ലാക്കാലവും പങ്കു ചേരാറുണ്ട്. നിരവധി ജീവനക്കാരും, സംഘടന ഉടൻ സാമ്പത്തിക സഹായത്തിനായി ആഹ്വാനം നൽകണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ആയതിനാൽ, വയനാട് ദുരന്തം മറികടക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്ക് ചേരാൻ ദുരിതാശ്വാസ നിധി സമാഹരിക്കാൻ നമ്മുടെ സംഘടനയും തീരുമാനിച്ചിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് ദിവസത്തെ ശമ്പളത്തിന് തുല്യമായ തുക ഈ കാരുണ്യപ്രവൃത്തിക്കായി താഴെപറയുന്ന അക്കൗണ്ടിലേക്ക് സംഭാവന നൽകണമെന്ന് മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുകയാണ്. തുക അയക്കുന്ന ജീവനക്കാർ യഥാക്രമം സ്റ്റാഫ് നമ്പർ, PAN നമ്പർ, പേര് എന്നിവ remarks കോളത്തിൽ enter ചെയ്യണം.

Account No: 40112101020092
Name: KGB Officers Union
IFSC: KLGB0040112

25000 രൂപയിൽ കൂടുതൽ സംഭാവന നൽകാൻ തയ്യാറാകുന്നവർക്ക് സൊസൈറ്റി മുഖാന്തിരം വായ്പാ സഹായവും ലഭിക്കും. അതിന്റെ പലിശ സംഘടന വഹിക്കും. ദുരന്തമുഖത്ത് ജീവനും ജീവിതവും നഷ്ടപ്പെട്ടവർക്കും അവരുടെ കുടുംബത്തിനും കൈത്താങ്ങാവാൻ സംഘടനാഭേദമന്യേ ഈ ഉദ്യമത്തിലേക്ക് സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**05.08.2024**

# KGBEU OU ബുള്ളറ്റിൻ 82/2024

സഖാക്കളെ,

## വിഷയം: ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുക വാദം ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു

ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തണം എന്നാവശ്യപ്പെട്ട് കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ (BEFI) സമർപ്പിച്ച പെറ്റീഷൻ, ഇന്ന് ഹൈക്കോടതിയിൽ അഡ്മിഷനായി. കോടതിയിൽ റിട്ട് ഹർജി അഡ്മിറ്റ് ചെയ്ത്, എതിർകക്ഷികൾ മറുപടി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും കേസ് ഒരു മാസം കഴിഞ്ഞ് പോസ്റ്റ് ചെയ്യുകയും ചെയ്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**05.08.2024**

## KGBEU OU ബുള്ളറ്റിൻ 83/2024

സഖാക്കളെ,

## വിഷയം: ജീവനക്കാരുടെ അലവൻസുകൾ നിഷേധിച്ച മാനേജ്മെന്റ് ചെയ്തിക്കെതിരെ സംഘടന പ്രക്ഷോഭത്തിലേക്ക്

ജീവനക്കാർ നേടിയെടുത്ത ആനുകൂല്യങ്ങൾ നിഷേധിക്കുന്ന മാനേജ്മെൻറ് നടപടിക്കെതിരെ, ഇന്ന് ചേർന്ന കേന്ദ്രകമ്മിറ്റി യോഗത്തിൽ KGB എംപ്ലോയീസ് യൂണിയനും ഓഫീസേഴ്സ് യൂണിയനും (BEFI) പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്തു. ആദ്യഘട്ടമെന്ന നിലയിൽ ഓഗസ്റ്റ് 29 ന് ഹെഡ് ഓഫീസിനുമുന്നിൽ മഹാ ധർണ്ണ സംഘടിപ്പിക്കും. 12th BPS/ 9th Joint Note പ്രകാരം നൽകേണ്ടുന്ന നിരവധി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാതിരിക്കുക, PMO യിലെ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ റദ്ദാക്കുക, 29 OATD മാർക്ക് നിയമപ്രകാരം അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുക, താൽക്കാലിക ജീവനക്കാരുടെ വേതന വർദ്ധനവ് നടപ്പിലാക്കുന്ന തീരുമാനം നീട്ടിക്കൊണ്ടു പോകുക തുടങ്ങിയ ചെയ്തികൾ വഴി ലക്ഷക്കണക്കിന് രൂപയാണ് ജീവനക്കാർക്ക് നഷ്ടപ്പെടുന്നത്.

നാം ഇപ്പോൾ അനുഭവിക്കുന്ന ശമ്പളം പോലും ഇതര ബാങ്ക് ജീവനക്കാർക്ക് തുല്യമായ നിലയിൽ നേടിയെടുത്തത് ഇത്തരം പോരാട്ടങ്ങളിലൂടെയാണ്. അത്തരമൊരു പോരാട്ടത്തിനാണ് നാം തുടക്കം കുറിക്കുന്നത്. അതിന്റെ ഭാഗമായി ശാഖാ സന്ദർശനങ്ങളും, സായാഹ്ന ധർണ്ണകളും, ക്ലസ്റ്റർ മീറ്റിംഗുകളുമുൾപ്പെടെയുള്ള നിരവധി പരിപാടികൾ സംഘടന ആസൂത്രണം ചെയ്യും.

മുൻകാലങ്ങളിൽ മാനേജ്മെന്റ് കൈക്കൊണ്ട അതേ തൊഴിലാളിവിരുദ്ധ പാതയിലൂടെയാണ് ഇപ്പോഴത്തെ മാനേജ്മെന്റും മുന്നോട്ട് പോകുന്നത് എന്നത് ഒരുകാരണവശാലും നമുക്ക് അംഗീകരിക്കാനാവില്ല. ആയതിനാൽ വരും നാളുകളിലെ പോരാട്ടമുഖത്ത് ശക്തമായ സാന്നിധ്യമായി മുഴുവൻ സഖാക്കളും മുൻപന്തിയിൽ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**06.08.2024**

## KGBEU OU ബുള്ളറ്റിൻ 84/2024

സഖാക്കളെ,

## വിഷയം: ജീവനക്കാരെ വിശ്വാസത്തിലെടുക്കുക ബിസിനസ്സ് പുരോഗതിയിലേക്ക് നയിക്കുക

ബാങ്കിന്റെ ബിസിനസ് പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാവുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. എന്നാൽ അത്തരം പ്രവർത്തനങ്ങൾ വ്യക്തികളുടെ സ്വകാര്യതയടക്കമുള്ള മൂല്യങ്ങളെ മാനിച്ചു കൊണ്ടാകണം. തങ്ങളുടെ പ്രദേശങ്ങളിലെ ADS/ CDS നോടൊപ്പം ചേർന്ന് മാനേജർമാരോട് സെൽഫി എടുത്ത് whatsapp വഴി അയച്ചു കൊടുക്കണം എന്ന നിർദേശത്തിന്റെ ഉള്ളടക്കം, മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസ ത്തിലെടുക്കുന്നില്ല എന്നതാണ്. ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ജീവനക്കാരോടുള്ള അവഹേളനമാണ് ഇത്തരം അപക്വമായ നിർദേശങ്ങൾ. ഈ വിഷയവുമായി ബന്ധപ്പെട്ട് ക്രെ ഡിറ്റ് വിംഗ് അസിസ്റ്റന്റ് ജനറൽ മാനേജരോട് സംഘടന സംസാരിക്കുകയും ചെയ്തു. ആയതിനാൽ, ഇത്തരം ഗിമ്മിക്കുകൾ മുഖവിലക്കെടുക്കാതെ ബാങ്കിന്റെ പുരോഗതിക്കാ വശ്യമായ മറ്റു പ്രവർത്തനങ്ങളിൽ നാം സജീവമായി ഇടപെടുകയാണ് വേണ്ടത്.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

06.08.2024

# KGBEU OU ബുള്ളറ്റിൻ 85/2024

സഖാക്കളെ,

## വിഷയം: Income leakage ജീവനക്കാരുടെ തലയിൽ കെട്ടിവെക്കരുത്

Income leakage വിഷയം ഇൻസ്പെക്ഷൻ വിംഗ് ഹെഡുമായി സംസാരിച്ചു. കഴിഞ്ഞ കാലങ്ങളിൽ ഇടപാടുകാരിൽ നിന്നും ഈടാക്കേണ്ടുന്ന മുഴുവൻ ചാർജുകളും ഈടാക്കിയിട്ടുണ്ട് എന്ന confirmation കൊടുക്കണം എന്നാണ് റീജിയണൽ ഓഫീസുകളിൽ നിന്നും ലെറ്റർ വന്നു കിടക്കുന്നത്. അത് ഒരുകാരണവശാലും നൽകാൻ കഴിയുന്നതല്ല.

മുൻകാലങ്ങളിൽ ചാർജ് ഈടാക്കാത്ത തരത്തിൽ ന്യൂനതകൾ ജീവനക്കാരിൽ നിന്നും ഉണ്ടായിട്ടുങ്കിൽ അത് കണ്ടെത്തുന്നതിന് നമ്മുടെ ബാങ്കിൽ മറ്റു സംവിധാനങ്ങൾ ഉണ്ട്. അത് ബ്രാഞ്ചിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തലയിൽ കെട്ടിവയ്ക്കരുത് എന്നാണ് സംഘടനാ നിലപാട്.

ബാങ്കിന് കിട്ടാനുള്ള തുക ഈടാക്കണം എന്ന കാര്യത്തിൽ സംഘടന എതിരല്ല. അതിനാൽ കഴിഞ്ഞകാലങ്ങളിൽ ഇടപാടുകാരിൽ നിന്ന് ഈടാക്കാനുള്ള ഏതെങ്കിലും തുക വിട്ടുപോയിട്ടുങ്കിൽ അത് ഇടാക്കാൻ നിർദേശം കൊടുക്കുന്നതിന് നാം എതിര് നിൽക്കില്ല. എന്നാൽ, മുഴുവൻ ചാർജും ഈടാക്കിയിട്ടുണ്ട് എന്ന് confirmation നൽകുന്നതുവഴി ഭാവിയിൽ ജീവനക്കാർ തങ്ങൾ ചെയ്യാത്ത തെറ്റിന് ശിക്ഷ ഏറ്റുവാങ്ങേി വന്നേക്കാം. അതുകൊണ്ട് നിലവിൽ റീജിയണൽ ഓഫീസുകൾ വഴി ഹെഡ് ഓഫീസിൽ നിന്നും പോയ income leakage സംബന്ധിച്ച നിർദ്ദേശം പിൻവലിക്കണമെന്നും പ്രായോഗികമായ നിർദേശം മാത്രമേ ഏതുകാര്യത്തിലും നൽകാവൂ എന്നും സംഘടന നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ കൃത്യമായ പരിശോധനാ സംവിധാനങ്ങൾ ഒന്നുമില്ലാതെ ആരും തന്നെ കൺഫർമേഷൻ ലെറ്റർ കൊടുക്കേണ്ടതില്ല.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**08.08.2024**

# KGBEU OU ബുള്ളറ്റിൻ 86/2024

സഖാക്കളെ,

## വിഷയം: Income leakage ലെറ്ററിന്റെ മറുപടി

Income leakage സംബന്ധിച്ച് മുഴുവൻ അക്കൗണ്ടുകളിൽ നിന്നും പൂർണ്ണമായ സർവീസ് ചാർജ് ഈടാക്കിയിട്ടുണ്ട് എന്ന confirmation നൽകാൻ റീജിയണൽ ഓഫീസുകളിൽ നിന്നും letter വന്ന വിഷയവും അതിൽ സംഘടനയുടെ നിലപാടും ബുള്ളറ്റിൻ 85/2024 വഴി അറിയിച്ചിരുന്നു.

ആ ലെറ്ററിനു നൽകാനുള്ള മറുപടി

"You may kindly note that regarding charges, many of which are automated processes within our system like Processing Charges, Credit information reports, stock inspection charges, recovery charges etc. These charges are automated to cover expenses related to inspecting collateral held against loans. It has helped to overcome the income leakage that existed in the past and to collect the maximum charges without any loss.

In other cases, we have mechanism in place to identify any missed charges, so if there are any charges that have not been collected, we make sure to collect them promptly. We assure you that we will make every effort to ensure that the Bank does not incur any financial loss, whether intentionally or unintentionally."

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**10.08.2024**

# KGBEU OU ബുള്ളറ്റിൻ 87/2024

സഖാക്കളെ,

## വിഷയം: AIRRBEA യുടെ തലയിൽ ഒരു പൊൻതൂവൽ കൂടി

AIRRBEA യുടെ നിരന്തരമായ പോരാട്ടത്തിന്റെ ഭാഗമായി ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് 01.11.1993 മുതലുള്ള പെൻഷനും കമ്പ്യൂട്ടർ ഇൻക്രിമെന്റും നൽകാമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ അഫിഡവിറ്റ് നൽകി. പോരാട്ടത്തിലൂടെ നേടിയെടുത്ത പെൻഷൻ/ കമ്പ്യൂട്ടർ ഇൻക്രിമെന്റ് ആനുകൂല്യം തെറ്റായ തരത്തിൽ നടപ്പിലാക്കിയതു വഴി വലിയ നഷ്ടമാണ് RRB ജീവനക്കാർക്ക് ഉണ്ടായിരുന്നത്. ഇതിന്മേൽ കേന്ദ്രസർക്കാരിനെതിരെ വീണ്ടും കോടതി നടപടികൾ ആരംഭിച്ചു. അതിൽ തിരിച്ചടി ഭയന്ന് കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാമെന്ന് സമ്മതിക്കുകയും അത് പേരിനു മാത്രം നടപ്പിലാക്കുകയും നടപടികൾ അവസാനിപ്പിക്കണം എന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ അത് ശരിയല്ല എന്നും തെറ്റായാണ് വീണ്ടും നടപ്പിലാക്കിയത് എന്നും പെൻഷൻ, കമ്പ്യൂട്ടർ ഇൻക്രിമെന്റ് എന്നീ വിഷയങ്ങളിൽ ജീവനക്കാർക്ക് അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട കോടതിയിൽ വീണ്ടും ശക്തമായി വാദിക്കുകയുമായിരുന്നു. അതിനെത്തുടർന്നാണ് ജീവനക്കാർക്കനുകൂലമായ തീരുമാനം കൈക്കൊള്ളാമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ അഫിഡവിറ്റ് നൽകിയത്.

AIRRBEA യുടെ കരങ്ങൾക്ക് ശക്തി പകരുക...
അവകാശങ്ങൾക്കായി പോരാടുക...
അഭിമാനത്തോടെ തൊഴിലെടുക്കുക..!

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**12.08.2024**

# KGBEU OU ബുള്ളറ്റിൻ 88/2024

സഖാക്കളെ,

## വിഷയം: Festival Advance

Festival Advance ജീവനക്കാർക്ക് എടുക്കാൻ പറ്റുന്നില്ല. ഈ വിഷയം HR ൽ സംസാരിച്ചു വരികയായിരുന്നു. ഇതുവരെ ശരിയാകാത്തതിനെത്തുടർന്ന് ഇന്ന് വീണ്ടും follow up ചെയ്തു. അതേത്തുടർന്ന് ഉടൻ തന്നെ Festival Advance avail ചെയ്യാനുള്ള സംവിധാനം enable ചെയ്യും. ഇന്ന് ശരിയാകുന്നില്ലെങ്കിൽ HR ൽ നിന്നും back end വഴി ചെയ്തു കൊടുക്കണം എന്നും സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

14.08.2024

# KGBEU OU ബുള്ളറ്റിൻ 89/2024

സഖാക്കളെ,

## വിഷയം: താൽക്കാലിക ജീവനക്കാരുടെ വേതനം

സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു പ്രക്ഷോഭത്തിന് ആഹ്വാനം കൊടുത്തിരിക്കുകയാണ്. പ്രധാനമായും ജീവനക്കാരുടെ സാമ്പത്തികമായ വിഷയങ്ങൾ ഉയർത്തിയാണ് ഇത്തവണ നാം പ്രക്ഷോഭത്തിലേക്ക് കടന്നിരിക്കുന്നത്. അതിൽ താൽക്കാലിക ജീവനക്കാരുടെ വേതന വർദ്ധനവും ഒരു പ്രധാന അജണ്ടയാണ്.

ഇന്നലെ താൽക്കാലിക ജീവനക്കാരുടെ വേതനം വർധിപ്പിച്ചു കൊണ്ട് ഒരു കമ്മ്യൂണിക്കേഷൻ HR വിംഗ് ഇറക്കുകയുണ്ടായി. വളരെ തുച്ഛമായ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. അംഗീകൃത സംഘടന പ്രക്ഷോഭത്തിന്റെ ഭാഗമായി ഉയർത്തിയ ഒരു വിഷയം ചർച്ചചെയ്ത് മാന്യമായ രീതിയിൽ പരിഹരിക്കുന്നതിനു പകരം ജീവനക്കാരുടെ കണ്ണിൽ പൊടിയിടാൻ ആണ് മാനേജ്മെന്റ് ശ്രമിച്ചത്. ഇതിന്മേൽ ശക്തമായ പ്രതിഷേധം സംഘടന രേഖപ്പെടുത്തിയിട്ടുണ്ട്. മാന്യമായ വേതനം നൽകുന്നതിനാവശ്യമായ നടപടി ഉടൻ കൈക്കൊള്ളണമെന്നും സംഘടന ഉയർത്തിയ മറ്റ് ആവശ്യങ്ങളിൽ എത്രയും പെട്ടെന്ന് ജീവനക്കാർക്ക് അനുകൂലമായ തീരുമാനമെടുക്കണമെന്നും നാം മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**10.12.2024**

## KGBEU OU ബുള്ളറ്റിൻ 109/2024

സഖാക്കളെ,

## വിഷയം: അന്തസ്സോടെ ജോലി ചെയ്യാൻ അനുവദിക്കുക, PF ൽ നിന്നും തുക ഉടൻ ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നടന്നു വന്ന സമരം ഒത്തുതീർപ്പായി.

കഴിഞ്ഞ നാളുകളിൽ നമ്മുടെ ബാങ്കിൽ നടന്നു വന്ന പ്രക്ഷോഭം ഒത്തുതീർപ്പായി. സമരത്തിന് ആധാരമായ വിഷയങ്ങളിൽ ഇന്നലെ (091224) സംഘടനാ പ്രതിനിധികൾ ചെയർപേഴ്സ ണുമായി ചർച്ച നടത്തി. EPF ൽ നിന്നും ലഭിക്കാനുള്ള തുകയുടെ ഭൂരിഭാഗം തുക ലഭ്യമായി എന്നും സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരിൽ PF withdrawal അപേക്ഷ നൽകിയ മുഴുവൻ പേർക്കും തുക തിരികെ നൽകി എന്നും മാനേജ്മെന്റ് അറിയിച്ചു. നേരത്തെ partial withdrawal എടുത്തവരുടെ തുക EPF ൽ നിന്നും ലഭിക്കാനുള്ളത് ഉടൻ ലഭിക്കുമെന്നും കിട്ടിയാലുടൻ അത് തിരികെ നൽകുമെന്നും അതിനുള്ള ഇടപെടൽ നടന്നു കൊണ്ടിരിക്കുകയാണ് എന്നും നമ്മെ അറിയിച്ചു. PF തുക ലഭ്യമായപ്പോൾ പലിശയുമായി ബന്ധപ്പെട്ട ചില അപാകതകൾ സംഘടന ചൂണ്ടിക്കാട്ടുകയും അതുസംബന്ധിച്ച് കത്ത് നൽകുകയും ചെയ്തിരുന്നു. അത് EPF അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നും അതും ഉടൻ പരിഹരിക്കുമെന്നും നമ്മെ അറിയിച്ചു.

ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന അമിത വർക്ക് പ്രഷർ ഒഴിവാക്കി ജീവനക്കാർക്ക് അഭിമാനത്തോടെ ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണം എന്ന വിഷയത്തിൽ ദീർഘമായ ചർച്ച നടന്നു. ബോധപൂർവ്വം അത്തരം ഒരവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചിട്ടില്ല എന്നാ യിരുന്നു ചെയർപേഴ്സന്റെ വാദം. എങ്ങനെയായാലും അത്തരമൊരു അവസ്ഥയിലൂടെയാ ണ് നമ്മുടെ ജീവനക്കാർ കടന്നുപോകുന്നതെന്ന് ഓരോ സാഹചര്യം ചൂണ്ടിക്കാട്ടി നാം സൂ ചിപ്പിച്ചു. സസ്പെൻഡ് ചെയ്യുമെന്നും ഡിസ്മിസ് ചെയ്യുമെന്നും തുടർച്ചയായി പറഞ്ഞു നടക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടുവെന്നും അത് ജീവനക്കാർക്കുണ്ടാക്കുന്ന മാനസിക ആഘാതം വലുതാണെന്നും സംഘടന സമർത്ഥിച്ചു. അത്തരം കാര്യങ്ങൾ ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല എന്നും സംഘടന പറഞ്ഞു. ജീവനക്കാരെ motivate ചെയ്യുക എന്ന ഉദ്ദേശത്തിൽ മാത്രം ചില കാര്യങ്ങൾ പറഞ്ഞതാണെന്നും ഒരിക്കലും അങ്ങനെ ചെയ്യാൻ

കാര്യങ്ങൾ പറഞ്ഞതാണെന്നും ഒരിക്കലും അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ട് പറഞ്ഞതല്ല എന്നും ചെയർപേഴ്സൺ പറഞ്ഞു. നമ്മുടെ ജീവനക്കാർ മെച്ചപ്പെട്ട സാഹചര്യം ഒരുക്കാൻ മാനേജ്മെന്റ് തയ്യാറായാൽ 100% ആത്മാർത്ഥതയോടെ ജോലി ചെയ്യുന്നവരാണെന്നും സംഘടനയുടെ നിലപാടും അങ്ങനെ ജോലി ചെയ്യണം എന്നാണെന്നും നാം നിലപാട് രേഖപ്പെടുത്തി. ബിസിനസ്സ് തീരെ വർദ്ധിക്കുന്നില്ല എന്ന ആശങ്ക ചെയർപേഴ്സൺ രേഖപ്പെടുത്തിയപ്പോൾ അത്തരത്തിൽ ഇടപാടുകാരെ ആകർഷിക്കുന്ന തരത്തിലുള്ള പ്രൊഡക്ടുകൾ രൂപപ്പെടുത്തുന്നതിൽ മാനേജ്മെന്റ് വലിയ വീഴ്ച വരുത്തുന്ന കാര്യം ചില ഉദാഹരണ സഹിതം വ്യക്തമാക്കുകയും ചെയ്തു. മാനേജ്മെന്റ് ചെയ്യാനുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യുകയാണെങ്കിൽ ബിസിനസ്സ് നല്ല നിലയിൽ വർദ്ധിക്കുമെന്നും സംഘടന ഉറപ്പു നൽകി. അത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുപകരം SSS ൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. Daily reporting ഉൾപ്പെടെയുള്ള കാര്യങ്ങൾ അടിച്ചേൽപ്പിച്ച് ജീവനക്കാരെ ബുദ്ധിമുട്ടിലേക്ക് തള്ളിവിടുകയാണ്. ഇത്തരം കാര്യങ്ങളും സംഘടന ചർച്ചയിൽ ഉയർത്തി. വാട്സ് ആപ്പ് വഴിയുള്ള ഡെയിലി റിപ്പോർട്ടിംഗ് ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കില്ല എന്ന് സംഘടനാ പ്രതിനിധികൾ മാനേജ്മെന്റിനെ അറിയിക്കുകയും ചെയ്തു. RO കളിൽ നിന്നും വിളിച്ചു ചോദിക്കുന്ന ഡാറ്റകൾ നൽകില്ല എന്ന നിലപാട് സംഘടന സാധാരണഗതിയിൽ കൈക്കൊള്ളാറില്ല. നിസ്സഹകരണം പ്രഖ്യാപിക്കുന്ന സമയത്ത് മാത്രം അത്തരം കടുത്ത നിലപാടിലേക്ക് നാം കടക്കാറുണ്ട്.

കേന്ദ്രസർക്കാരിൽ നിന്നും SSS നായി വരുന്ന വലിയ സമ്മർദ്ദമാണ് ജീവനക്കാരിൽ എത്തുന്നത്. ബാങ്ക് ബിസിനസ്സ് വർദ്ധിച്ചാലും ഇല്ലെങ്കിലും SSS പോലുള്ള സർക്കാർ പദ്ധ തികൾക്കായി ഇടപാടുകാരെ കരുവാക്കാനുള്ള നീക്കം കേന്ദ്രസർക്കാർ തകൃതിയായി നടത്തുകയാണ്. കേരളം പോലെ എല്ലാവർക്കും ക്ഷേമപെൻഷനുകൾ ലഭിക്കുന്ന ഒരു നാട്ടിൽ APY പോലുള്ള സ്കീമുകളിൽ ആളുകൾ ചേരാൻ താല്പര്യം കാണിക്കില്ല എന്ന വസ്തുത മനസ്സിലാക്കണമെന്നും അത് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയാൽത്തന്നെ അത്തരം പ്രശ്നങ്ങൾ തീരുമെന്നും സംഘടന അറിയിച്ചു.

വിശദമായ ചർച്ചകൾക്കുശേഷം ജീവനക്കാരെ സമ്മർദ്ദത്തിന് അടിപ്പെടുത്തില്ല എന്നും ബിസിനസ് വർദ്ധിപ്പിക്കാൻ ആവശ്യമായ എല്ലാ സഹകരണങ്ങളും സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ചെയർപേഴ്സൺ അഭ്യർത്ഥിച്ചു. Daily reporting കാര്യത്തിൽ ചെയർപേഴ്സൺ തെറ്റായ നിലയ്ക്കാണ് കാര്യങ്ങൾ മനസ്സിലാക്കിയത് എന്ന തിനാൽ ആദ്യഘട്ടത്തിൽ ഒരു അന്തിമ തീരുമാനം ഉണ്ടായില്ല എങ്കിലും തുടർന്ന് നടന്ന ചർച്ചയിൽ സംഘടനയുടെ നിലപാട് രേഖപ്പെടുത്തിക്കൊണ്ട് ജീവനക്കാർ നേരത്തെ ഉണ്ടാ യിരുന്ന സിസ്റ്റത്തിൽ മുന്നോട്ട് പോകുമെന്ന സംഘടനയുടെ ഉറപ്പും അമിതമായ സമ്മർദ്ദം

ചെലുത്താൻ ഒരുകാരണവശാലും ഇടയാക്കില്ല എന്ന മാനേജ്മെന്റ് ഉറപ്പിന്മേലും കഴിഞ്ഞ നാളുകളിൽ നാം നടത്തി വന്ന സമരം താൽക്കാലികമായി ഒത്തുതീർപ്പായി.

ബിസിനസ്സ് സംബന്ധിച്ച വിശദമായ ചർച്ച സംഘടനയുമായി ഉടൻ നടത്തും എന്ന് മാനേജ്മെന്റ് നമുക്ക് ഉറപ്പ് നൽകി.

ഇനിയുള്ള ദിവസങ്ങളിൽ നമ്മുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൂടുതൽ പ്രവർത്തനങ്ങളിലേക്ക് കടക്കാൻ ജീവനക്കാർ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിനും സംഘടനാ നേതൃത്വവുമായി ബന്ധപ്പെടാവുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

21.08.2024

# KGBEU OU ബുള്ളറ്റിൻ 92/2024

സഖാക്കളെ,

## വിഷയം: പ്രക്ഷോഭത്തിന്മേൽ നടന്ന ചർച്ച അനുകൂലം നാളത്തെ സായാഹ്ന ധർണ്ണ മാറ്റിവച്ചു

KGB എംപ്ലോയീസ് യൂണിയന്റെയും ഓഫീസേഴ്സ് യൂണിയന്റെയും ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ന് മാനേജ്മെന്റുമായി ചർച്ച നടന്നു. പ്രക്ഷോഭത്തിൽ സംഘടന ഉന്നയിച്ച ആവശ്യങ്ങളിന്മേൽ അനുകൂലമായാണ് മാനേജ്മെന്റ് പ്രതികരിച്ചത്.

ആവശ്യങ്ങളും തീരുമാനങ്ങളും

1. പന്ത്രണ്ടാം ഉഭയകക്ഷി കരാറും ഒൻപതാം ജോയിന്റ് നോട്ടും പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുക:

സംഘടന ആവശ്യപ്പെട്ടത് പ്രകാരമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കും. നടപ്പിലാക്കിക്കൊള്ള സർക്കുലർ ഉടൻ തന്നെ പുറത്തിറക്കും.

2. പ്രൊജക്റ്റ് ഓഫീസിലെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക:

ഈ വിഷയത്തിൽ ചർച്ച നടക്കുകയും തുടർ ചർച്ച ചെയർപേഴ്സന്റെ സാന്നിധ്യത്തിൽ 27 ന് ചൊവ്വാഴ്ച നടക്കുകയും ചെയ്യും. പോസിറ്റീവായാണ് പ്രതികരിച്ചത്.

3. 29 OATD മാരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകുക:

LFC, PL encashment, Medical aid തുടങ്ങിയ ആനുകൂല്യങ്ങൾ അരിയർ ഉൾപ്പെടെ ചേർത്ത് നൽകും. Hospitalisation re imbursement അയച്ച് reject ചെയ്യപ്പെട്ട കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യും. മറ്റു വിഷയങ്ങൾ ഉണ്ടെങ്കിൽ അതും പരിഹരിക്കും.

4. താൽക്കാലിക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു നൽകുക:

സംഘടന ആവശ്യപ്പെട്ട കാര്യങ്ങൾ അംഗീകരിക്കും. ഉടൻ തന്നെ ബോർഡിൽ നിന്നും അനുവാദം ലഭ്യമാക്കി വർദ്ധനവ് നടപ്പിലാക്കും.

സംഘടന ഉന്നയിച്ച ആവശ്യങ്ങളിന്മേൽ എല്ലാം അനുകൂലമായാണ് പ്രതികരിച്ചത് എന്നതിനാലും ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നിൽ ചൊവ്വാഴ്ച അന്തിമ തീരുമാനം കൈക്കൊള്ളും എന്നതിനാലും നാളെ നടത്താൻ തീരുമാനിച്ച സായാഹ്ന ധർണ്ണ മാറ്റിവെക്കാൻ തീരുമാനിച്ചിരിക്കുന്നു. സംഘടനാ പ്രതിനിധികളായി കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സി മിഥുൻ, എംപ്ലോയീസ് യൂണിയൻ പ്രസിഡ് എൻ മീന, ജനറൽ സെക്രട്ടറി ബിഗേഷ് ഉണ്ണിയൻ, ഓഫീസേഴ്സ് യൂണിയൻ പ്രസിഡ് ടി ജി അനൂപ്, ജനറൽ സെക്രട്ടറി പി രാജേഷ് എന്നിവരും മാനേജ്മെന്റ് പ്രതിനിധികളായി HR ജനറൽ മാനേജർ ശ്രീ പ്രദീപ് പദ്മൻ, ജനറൽ മാനേജർമാരായ ശ്രീ ഹരീഷ് ഗുക്കേർ, ശ്രീമതി ശ്രീകല ശ്രീകുമാർ, HR ചീഫ് മാനേജർ ശ്രീമതി ശാനിമ പി എന്നിവരും പങ്കെടുത്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**27.08.2024**

## KGBEU OU ബുള്ളറ്റിൻ 93/2024

സഖാക്കളെ,

## വിഷയം: പ്രക്ഷോഭം വിജയത്തിലേക്ക്
## 12th BPS/ 9th Joint note സർക്കുലർ പുറത്തിറക്കി

12th BPS/ 9th Joint note പൂർണ്ണമായും നടപ്പിലാക്കണം എന്നതുൾപ്പെടെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ ഉയർത്തി സംഘടന പ്രക്ഷോഭത്തിലായിരുന്നു. ഓഗസ്റ്റ് 21 ന് കഴിഞ്ഞ ബുധനാഴ്ച മാനേജ്മെന്റ് വിളിച്ചു ചേർത്ത ചർച്ചയിൽ, സംഘടന ഉന്നയിച്ച ഈ വിഷയം പരിഹരിക്കാൻ മാനേജ്മെന്റ് സന്നദ്ധത കാട്ടുകയും മുഴുവൻ ആനുകൂല്യങ്ങളും നടപ്പിലാക്കിക്കൊള്ള സർക്കുലർ ഉടൻ പുറത്തിറക്കും എന്ന് രേഖാമൂലം ഉറപ്പ് നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 12th BPS/ 9th Joint note നടപ്പിലാക്കിക്കൊള്ള സർക്കുലർ ഇന്ന് പുറത്തിറക്കി. ജീവനക്കാർ ഇത് പൂർണ്ണമായും പരിശോധിക്കുകയും എന്തെങ്കിലും അപാകതകൾ കാണുന്നുവെങ്കിൽ ഉടൻ തന്നെ സംഘടനയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കാൻ അൽപ്പം സമയം എടുക്കും എന്നതിനാൽ ഈ മാസത്തെ ശമ്പളത്തിൽ മുഴുവൻ ആനുകൂല്യങ്ങളും ഉൾപ്പെടുത്താൻ പരിമിതി ഉണ്ട് എന്നും എത്രയും പെട്ടെന്ന് അത് നൽകും എന്നും സംഘടനയെ അറിയിച്ചിരുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**27.08.2024**

# <u>KGBEU OU ബുള്ളറ്റിൻ 94/2024</u>

സഖാക്കളെ,

## വിഷയം: പ്രക്ഷോഭം വിജയത്തിലേക്ക് ധർണ്ണാ സമരം മാറ്റി വച്ചു.

നാം നൽകിയ പ്രക്ഷോഭത്തിന്റെ നോട്ടീസിനു മുകളിൽ 21-08-24 ന് നടന്ന ചർച്ചയുടെ തുടർച്ചയെന്നോണം ചെയർപേഴ്സണുമായുള്ള ചർച്ച വീഡിയോ കോൺഫറൻസിംഗ് വഴി ഇന്ന് നടന്നു. അടിയന്തിരമായി വയനാട്ടിൽ പോകേണ്ടി വന്നതിനാലാണ് വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തിയത്. പ്രൊജക്റ്റ് ഓഫീസിലെ ജീവനക്കാരുടെ അലവൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇന്ന് നടന്ന ചർച്ചയിൽ അന്തിമ തീരുമാനം കൈക്കൊണ്ടില്ല എങ്കിലും പോസിറ്റീവ് ആയാണ് മാനേജ്മെന്റ് പ്രതികരിച്ചത്. ഹെഡ് ഓഫീസിൽ എത്തിയതിനു ശേഷം യൂണിയന്റെ നിർദ്ദേശങ്ങളിന്മേൽ തുടർചർച്ച നടത്താമെന്നും ശേഷം ബോർഡിൽ വച്ച് അന്തിമ തീരുമാനം കൈക്കൊള്ളാമെന്നും ചെയർപേഴ്സൺ അറിയിച്ചു.

21-08-24 ന്റെ ചർച്ചയിൽ തീരുമാനിച്ച പ്രകാരം 12th BPS/ 9th Joint note നടപ്പിലാക്കിക്കൊുള്ള സർക്കുലർ ഇറക്കിയതും ദിവസക്കൂലിക്കാരുടെ വേതനം പരിഷ്കരിച്ചതും ചെയർപേഴ്സൺ അറിയിച്ചു. 29 OATD മാരുടെ ബാക്കി ആനുകൂല്യങ്ങൾ മുഴുവൻ എത്രയും പെട്ടെന്ന് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തീരുമാനിച്ച പ്രക്ഷോഭ പരിപാടികൾ പിൻവലിക്കണമെന്ന് സംഘടനയോട് അഭ്യർത്ഥിച്ചു.

പോസിറ്റീവായാണ് ചർച്ച മുന്നോട്ട് പോകുന്നത്. താൽക്കാലിക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു എങ്കിലും അതിൽ ഉൾപ്പെടുത്താതെപോയ ചില components ചൂണ്ടിക്കാട്ടുകയും അത് പരിഗണിക്കാം എന്ന് നമുക്ക് ഉറപ്പ് ലഭിക്കുകയും ചെയ്തു. മറ്റു വിഷയങ്ങളിലും അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ മാനേജ്മെന്റ് തീരുമാനിച്ച പശ്ചാത്തലത്തിൽ 29-08-24 ന് ഹെഡ് ഓഫീസിനു മുന്നിൽ നടത്താൻ തീരുമാനിച്ച ധർണ്ണ ഉൾപ്പെടെയുള്ള പ്രക്ഷോഭ പരിപാടികൾ താൽക്കാലികമായി നിർത്തിവെക്കാൻ സംഘടന തീരുമാനിച്ചു.

ചെയർപേഴ്സൺ ശ്രീമതി വിമല വിജയ ഭാസ്കർ,HR ജനറൽ മാനേജർ ശ്രീ. പ്രദീപ് പദ്മൻ, HR ചീഫ് മാനേജർ ശ്രീമതി ശാനിമ. പി എന്നിവരും  സംഘടനയെ പ്രതിനിധീകരിച്ച് സംഘടനാ ജനറൽ സെക്രട്ടറിമാരായ ബിഗേഷ് ഉണ്ണിയൻ , രാജേഷ്.പി , കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ മിഥുൻ സി , EU ട്രഷറർ മനോജ്.കെ. എം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**31.08.2024**

# KGBEU OU ബുള്ളറ്റിൻ 95/2024

സഖാക്കളെ,

## വിഷയം: IS & PRI claim facility for centralised uploading

Interest subvention & Prompt repayment incentive eligibility ഉള്ള അക്കൗണ്ടുകളുടെ details Kisan Rin പോർട്ടൽ വഴി enter ചെയ്യണം എന്ന നിർദേശം Ministry of Agriculture, Ministry of Finance എന്നിവിടങ്ങളിൽ നിന്നും വന്നിട്ടുണ്ട്. മുഴുവൻ ബ്രാഞ്ചുകളും സെപ്റ്റംബർ 15 ന് മുന്നേ തീർക്കണം എന്നും അങ്ങിനെ ചെയ്താലാണ് ബാങ്കിന് ഈ ഇനത്തിൽ ലഭിക്കാനുള്ള 380 കോടിയോളം രൂപ ലഭിക്കുക എന്നും അറിയാൻ കഴിഞ്ഞു.

ബ്രാഞ്ചുകൾക്ക് ഈ ജോലി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ കേന്ദ്രീകരിച്ച രീതിയിൽ ചെയ്യാനും ബാങ്ക് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ user ID create ചെയ്ത് password സഹിതം ബന്ധപ്പെട്ട വിംഗിൽ നൽകണം എന്നാണ് നിർദേശം.

User ID, ആധാർ നമ്പർ ഇല്ലാതെ create ചെയ്യണം എന്നാവശ്യപ്പെട്ടു എങ്കിലും ആധാർ നമ്പർ ഇല്ലാതെ അതിനു കഴിയില്ല എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. User ID create ചെയ്യുകയും ഈ ജോലി അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കുകയും ചെയ്യാൻ ബാങ്ക് ഒരുക്കിയ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്താൻ താല്പര്യമില്ലാത്തവർ സമയബന്ധിതമായി ഈ ജോലി പൂർത്തീകരിച്ചാൽ മതിയാവും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**31.08.2024**

# KGBEU OU ബുള്ളറ്റിൻ 96/2024

സഖാക്കളെ,

## വിഷയം: SHG ID linkage

SHG ലോണുകളിൽ, SHG അംഗങ്ങളായ മുഴുവൻ പേരുടെയും ID create ചെയ്ത് link ചെയ്യണം എന്ന നിർദേശം വന്നിട്ടുണ്ട്. ഇന്നാണ് last date ആയി പറഞ്ഞിരുന്നത്. ഈ വിഷയം GM മായി സംസാരിച്ചു. ബ്രാഞ്ചുകളിൽ നിന്ന് ഇത് പൂർത്തീകരിക്കുന്ന ജോലി പുരോഗമിക്കുന്നില്ല എന്നാണ് അദ്ദേഹം അറിയിച്ചത്. RBI യിൽ നിന്നും വന്ന നിർദേശം ആയതിനാൽ അടിയന്തിരപ്രാധാന്യത്തോടെ ജോലി പൂർത്തീകരിക്കേതുണ്ട് എന്നതിനാലാണ് ബ്രാഞ്ചുകൾക്ക് ഈ നിർദേശം നൽകിയത് എന്നും അദ്ദേഹം അറിയിച്ചു. ഇത് ചെയ്യാനുള്ള സമയം നീട്ടിക്കൊടുക്കണം എന്നും day end പോലുള്ള തീരുമാനങ്ങളിലേക്ക് പോകരുത് എന്നും നാം അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ആവശ്യം ന്യായമായ രീതിയിൽത്തന്നെ പരിഗണിക്കും എന്ന് സംഘടനയ്ക്ക് ഉറപ്പ് ലഭിച്ചു. കഴിയുന്നതിന്റെ പരമാവധി വേഗത്തിൽ ഈ ജോലി പൂർത്തീകരിക്കണം എന്ന് മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**04.09.2024**

# KGBEU OU ബുള്ളറ്റിൻ 97/2024

സഖാക്കളെ,

## വിഷയം: OCASAIN Menu  initial deposit

OCASAIN മെനുവിൽ initial deposit കൊടുക്കുമ്പോൾ ഒരു ശാഖയിൽ ഉണ്ടായ അശ്രദ്ധ കാരണം OCASAIN മെനുവിൽ പല സൗകര്യങ്ങളും പൂർണ്ണമായും പിൻവലിക്കുന്ന സ്ഥിതി ഉണ്ടായി. എന്നാൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലെടുക്കുകയാണ് വേണ്ടിയിരുന്നത്. ജീവനക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തീരുമാനം പിൻവലിക്കണം എന്നും പഴയപടി സൗകര്യങ്ങൾ പുനഃസ്ഥാപിക്കണം എന്നും ചുമതലയുള്ള ജനറൽ മാനേജരോട് സംഘടന ആവശ്യപ്പെട്ടു. കാര്യകാരണ സഹിതം ആവശ്യം ബോധ്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് നാം ഉന്നയിച്ച ആവശ്യം പരിഗണിക്കും എന്ന് അദ്ദേഹം നമുക്ക് ഉറപ്പ് നൽകി. എൻട്രി ചെയ്യുമ്പോഴും, വെരിഫൈ ചെയ്യുമ്പോളും ജീവനക്കാർ തികഞ്ഞ ജാഗ്രത കാണിക്കണം എന്ന് ഈ അവസരത്തിൽ ഓർമപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**09.09.2024**

# <u>KGBEU OU ബുള്ളറ്റിൻ 98/2024</u>

സഖാക്കളെ,

## <u>വിഷയം: Staff vehicle loan modification</u>

പുതിയ സ്റ്റാഫ് വെഹിക്കിൾ ലോൺ എടുക്കണമെങ്കിൽ ആദ്യത്തേത് എടുത്ത് നാലുവർഷം കഴിയണം എന്ന് നിബന്ധന ഉണ്ടായിരുന്നു. 60 വയസ്സിനകം അടച്ചു തീർക്കണം എന്നും നമ്മുടെ മാനദണ്ഡത്തിൽ പറയുന്നുണ്ട്. ഒരു ലോൺ എടുത്താൽ ലിമിറ്റ് കവിഞ്ഞില്ലെങ്കിലും അതിനകത്ത് നിന്ന് രണ്ടാമത്തെ ലോൺ എടുക്കാനും കഴിയുമായിരുന്നില്ല.

ഒരു സ്റ്റാഫ് വെഹിക്കിൾ ലോൺ close ചെയ്താലുടൻ, എടുത്ത ലോണിന്റെ കാലപ്പഴക്കം നോക്കാതെ പുതിയത് അനുവദിക്കണം എന്നും 70 വയസ്സ് വരെ തിരിച്ചടവ് പരിധി അനുവദിക്കണം എന്നും overall ലിമിറ്റിനകത്ത് നിന്നുകൊണ്ട് രണ്ടാമത്തെ ലോൺ അനുവദിക്കണമെന്നും സംഘടന ആവശ്യപ്പെടുകയും ചെയർപേഴ്സണോട് ചർച്ച ചെയ്യുകയും follow up ചെയ്ത് വരികയുമായിരുന്നു.

മുകളിൽ പറഞ്ഞ നമ്മുടെ ആവശ്യങ്ങൾ ബോർഡിൽ അംഗീകരിച്ച് സർക്കുലർ ഇറങ്ങിയ വിവരം സന്തോഷത്തോടെ മുഴുവൻ ജീവനക്കാരെയും അറിയിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**19.09.2024**

# KGBEU OU ബുള്ളറ്റിൻ 99/2024

സഖാക്കളെ,

## വിഷയം: നിയമവിരുദ്ധതയ്ക്കെതിരെ പ്രക്ഷോഭത്തിലേക്ക്

നിയമവിരുദ്ധമായി ചില ജീവനക്കാരുടെ പ്രൊബേഷൻ നീട്ടിയ വിഷയത്തിൽ സംഘടന അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും തിരുത്തൽ ഉണ്ടാവണം എന്ന് ആവശ്യപ്പെട്ട് ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുകയും ചെയ്ത വിഷയം നേരത്തെ റിപ്പോർട്ട് ചെയ്തതാണ്. എന്നാൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഈ വിഷയത്തിൽ ഒരു പരിശോധന നടത്താമെന്ന് പറഞ്ഞ ചെയർപേഴ്സൺ തന്റെ വാക്ക് പാലിക്കാൻ തയ്യാറാകാത്ത പശ്ചാത്തലത്തിൽ പ്രക്ഷോഭത്തിലേക്ക് കടക്കാൻ സംഘടന നിർബന്ധിതരായിരിക്കുകയാണ്. അതിന്റെ ആദ്യപടി എന്നനിലയിൽ തിങ്കളാഴ്ച വൈകിട്ട് ഹെഡ് ഓഫീസിനു മുന്നിൽ വൻപ്രതിഷേധ പ്രകടനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. തുടർച്ചയെന്നോണം മുഴുവൻ ശാഖകളിലും പ്രതിഷേധസൂചകമായി പോസ്റ്റർ പ്രദർശനം നടത്താനും തീരുമാനിച്ചിരിക്കുന്നു. ഇത് സൂചിപ്പിച്ചു കൊണ്ട് സംഘടന ഇന്ന് ചെയർപേഴ്സണു കത്ത് നൽകി. മാനേജ്മെന്റ്, ജീവനക്കാർക്കെതിരെ നടത്തുന്ന കടന്നുകയറ്റത്തിനെതിരായ സമരത്തിൽ മുഴുവൻ ജീവനക്കാരും സംഘടനാഭേദമന്യേ പങ്കെടുക്കണം എന്നും പരിപാടികൾ വിജയിപ്പിക്കണം എന്നും അഭ്യർത്ഥിക്കുന്നു. മറ്റു പ്രക്ഷോഭപരിപാടികൾ വഴിയേ അറിയിക്കുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**25.09.2024**

# <u>KGBEU OU ബുള്ളറ്റിൻ 100/2024</u>

**സഖാക്കളെ,**

## <u>വിഷയം: കേരളത്തിന് പുറത്തും SHL അനുവദിച്ചു</u>

**നമ്മുടെ ബാങ്കിലെ ജീവനക്കാർക്ക് ഇതര സംസ്ഥാനങ്ങളിൽ വീട് നിർമ്മിക്കാൻ സ്റ്റാഫ് ഹൗസിങ് ലോൺ എടുക്കാൻ അനുവാദം നൽകിയിരുന്നില്ല. സംഘടന ഇക്കാര്യം ഉയർത്തിക്കാട്ടി നിരവധി തവണ മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും ജോയിന്റ് കോൺഫറൻസിൽ ഉന്നയിക്കുകയും ചെയ്തിരുന്നു. ആ വേദിയിൽ നമ്മുടെ ആവശ്യത്തിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും സംഘടന അത്** follow up **ചെയ്തു വരുകയുമായിരുന്നു. നമ്മുടെ ആവശ്യം, ബാങ്ക്** circular no. 187/24 **വഴി അനുവദിക്കപ്പെട്ട വിവരം സന്തോഷത്തോടെ അറിയിക്കുന്നു.**

Dear Comrades,

It was previously not permitted for employees of our Bank, to take a staff housing loan for constructing a house in other states. Our union raised this issue and discussed it with the management multiple times, and also brought it up at the joint conference. In joint conference, the demand got in principle approval, and the union has been vigorously following up for the implementation of the same. Now we are pleased to inform you that our demand has been approved, as stated in Bank circular no. 187/24.

**ജനറൽ സെക്രട്ടറി**

KGB **എംപ്ലോയീസ് യൂണിയൻ**

KGB **ഓഫീസേഴ്സ് യൂണിയൻ**

**25.09.2024**

## KGBEU OU ബുള്ളറ്റിൻ 101/2024

സഖാക്കളെ,

## വിഷയം: NPS  സംഘടനാ നിലപാട്

NPS എന്നത് യൂണിയൻ ഗവണ്മെന്റ് പദ്ധതിയാണ്. അതിനാൽ ഏതെങ്കിലും ഇടപാടുകാരൻ NPS ൽ ചേരണം എന്നാവശ്യപ്പെട്ടു വന്നാൽ ചേർക്കുന്നതിനെ സംഘടന എതിർക്കുന്നില്ല. എന്നാൽ NPS ലേക്ക് സർക്കാർ യാതൊരുവിധ വിഹിതവും നൽകുന്നില്ല. ഓഹരിക്കമ്പോളത്തിലെ ചൂതാട്ടങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനാൽ അതിന് സുരക്ഷിതത്വമില്ല എന്നും നഷ്ടക്കച്ചവടമായിരിക്കും എന്നുമാണ് സംഘടന കാണുന്നത്. അതിനാലാണ് ജീവനക്കാർക്ക് NPS പിൻവലിച്ച് OPS നടപ്പിലാക്കണം എന്ന് സംഘടന ആവശ്യപ്പെടുകയും നിയമനടപടി ഉൾപ്പെടെ കൈക്കൊള്ളുകയും ചെയ്യുന്നത്. NPS ആവശ്യപ്പെട്ടുവരുന്ന ആളുകളോട് സത്യസന്ധമായി ഈ കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും വേണം.

എന്നാൽ ജീവനക്കാർക്ക് ടാർഗെറ്റ്  അടിച്ചേൽപ്പിച്ച് സമ്മർദ്ദത്തിൽ ആക്കാനോ റിവ്യൂ നടത്തി ചോദ്യംചെയ്ത് പീഡിപ്പിക്കാനോ സംഘടന ഒരുതരത്തിലും സമ്മതിക്കില്ല.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

09.10.2024

# KGBEU OU ബുള്ളറ്റിൻ 102/2024

സഖാക്കളെ,

## വിഷയം: കേന്ദ്രസർക്കാർ മൂലധനം കൈമാറി

നമ്മുടെ ബാങ്കിന് കേന്ദ്രസർക്കാർ നൽകാനുള്ള മൂലധനത്തിന്റെ വിഹിതം ഇന്ന് ലഭിച്ചു. സംസ്ഥാന സർക്കാരും കനറാ ബാങ്കും എട്ട് മാസങ്ങൾക്ക് മുമ്പ് മൂലധനം നൽകിയെങ്കിലും കേന്ദ്രസർക്കാർ സാങ്കേതിക കാരണം പറഞ്ഞ് നീട്ടിക്കൊണ്ട് പോകുകയായിരുന്നു. തുടർന്ന് സംഘടന DFS ലേക്ക് കത്തയക്കുകയും ഉടൻ റിലീസ് ചെയ്യണം എന്ന് ആവശ്യപ്പെടുകയും ഉണ്ടായി. AIRRBEA നേതൃത്വത്തിൽ DFS ൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരികയായിരുന്നു. തുടർന്ന് ഇന്ന് ഫണ്ട്  ബാങ്കിന് കൈമാറുകയായിരുന്നു.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

**09.10.2024**

# KGBEU OU ബുള്ളറ്റിൻ 103/2024

സഖാക്കളെ,

## വിഷയം: SHL modification

സ്റ്റാഫ് ലോൺ സ്കീമുകൾ പുതുക്കണം എന്നത് ജോയിൻറ് കോൺഫറൻസ് വഴിയും അല്ലാതെയും സംഘടന നിരന്തരമായി ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. സംഘടന ഉയർത്തിയ ആവശ്യങ്ങളിൽ പകുതി അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ആവശ്യങ്ങളും ഉടൻ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച് ചെയർപേഴ്സണു കത്ത് നൽകുകയും ജനറൽ മാനേജരുമായി സംസാരിക്കുകയും ചെയ്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

21.10.2024

# KGBEU OU ബുള്ളറ്റിൻ 104/2024

സഖാക്കളെ,

## വിഷയം: പ്രക്ഷോഭത്തിലേക്ക്

മാനേജ്മെന്റിന്റെ തെറ്റായ നയത്തിനെതിരെ സംഘടന വീണ്ടും പ്രക്ഷോഭത്തിലേക്ക് കടക്കുകയാണ്. നാളിതു വരെ കാണാത്ത അമിതമായ സമ്മർദ്ദമാണ് ജീവനക്കാർ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ബാങ്കിന്റെ യഥാർത്ഥ ബിസിനസിന് ഗുണം ചെയ്യുന്ന യാതൊന്നും ചെയ്യാതെ SSS ക്യാമ്പയിനിങ്ങിനാണ് അമിത പ്രാധാന്യം നൽകുന്നത്. അതിന്റെ പേരിൽ daily reporting, daily commitment, daily target തുടങ്ങിയ പ്രഹസനങ്ങൾ ജീവനക്കാരിൽ മടുപ്പും അവമതിപ്പും ഉണ്ടാക്കുകയാണ്. ആത്യന്തികമായി അത് ബിസിനസ്സിനെ നെഗറ്റിവായി ബാധിക്കുന്നു. ജീവനക്കാർക്കും റിട്ടയർ ചെയ്തവർക്കും താൽക്കാലിക ജീവനക്കാർക്കും സ്വീപ്പർമാർക്കും PF ൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കുന്നില്ല. അത് മാനേജ്മെന്റിന്റെ പിടിപ്പുകേടാണ്. പല തവണ ഡേറ്റ് മാറ്റിമാറ്റി പറഞ്ഞിട്ടും ഈ കാര്യം ഇതുവരെ ശരിയായിട്ടില്ല.

തങ്ങളുടെ ദൗത്യവും ഉത്തരവാദിത്തവും മറക്കുന്ന മാനേജ്മെന്റിന്റെ, മുകളിൽ പറഞ്ഞ നിലപാടുകൾ തിരുത്തിക്കുന്നതിനായി സംഘടന പ്രക്ഷോഭത്തിലേക്ക് കടക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ആദ്യപടിയായി ഹെഡ് ഓഫീസിനു മുന്നിൽ നവംബർ 7 ന് ധർണ്ണ നടത്താൻ തീരുമാനിച്ചിരിക്കുന്നു. നമ്മുടെ മുൻതലമുറ സഖാക്കൾ അണിനിരക്കുന്ന KGBRF നമ്മോടൊപ്പം ഈ സമരത്തിൽ അണിനിരക്കും. വിശദ വിവരങ്ങൾ സർക്കുലർ വഴി അറിയിക്കും. പ്രക്ഷോഭം വിജയിപ്പിക്കുന്നതിനും മാന്യമായ തൊഴിലിടം ഉറപ്പു വരുത്തു ന്നതിനും മുഴുവൻ ജീവനക്കാരും സംഘടനാഭേദമന്യേ അണിനിരക്കണം എന്നഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.11.2024**

## KGBEU OU ബുള്ളറ്റിൻ 105/2024

സഖാക്കളെ,

## വിഷയം: DFS നമ്മുടെ സംഘടനയെ ചർച്ചയ്ക്ക് ക്ഷണിച്ചു

രാജ്യത്തെമ്പാടുമുള്ള ഗ്രാമീൺ ബാങ്ക് ജീവനക്കാർക്കു വേണ്ടി വലിയ പോരാട്ടങ്ങൾ നടത്തുകയും നേട്ടങ്ങൾ കൊയ്യുകയും ചെയ്ത സംഘടനയാണ് നമ്മുടേത്. ചരിത്രത്തിൽ ഇന്നേ വരെ കാണാനാകാത്ത തരത്തിൽ പതിറ്റാണ്ടുകൾ നീണ്ട പോരാട്ടത്തിനൊടുവിൽ മുഴുവൻ ഗ്രാമീണ ബാങ്കുകളിലെയും ജീവനക്കാർക്ക് 31 വർഷത്തെ ആനുകൂല്യമാണ് നാം ഒടുവിൽ നേടിയെടുത്തത്. ഇതിന്റെ പശ്ചാത്തലത്തിൽ DFS നമ്മുടെ സംഘടനയെ പ്രത്യേ കമായി ചർച്ചയ്ക്ക് ക്ഷണിച്ചു. പെൻഷൻ, കമ്പ്യൂട്ടർ ഇൻക്രിമെന്റ് എന്നിവ കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്നതടക്കം പരിശോധിക്കാൻ നവംബർ 25 ന് ഡൽഹിയിൽ DFS വിളിച്ചു ചേർത്ത RRB ചെയർപേഴ്സൺമാരുടെയും ഗ്രാമീൺ ബാങ്ക് ജീവനക്കാരുടെ കേന്ദ്ര സംഘടനകളുടെയും മീറ്റിംഗിലാണ് KGB യിലെ സംഘടനാ പ്രതിനിധിക്ക് പ്രത്യേക ക്ഷണം ലഭിച്ചിരിക്കുന്നത്. തുല്യജോലിക്ക് തുല്യവേതനം, പെൻഷൻ, കമ്പ്യൂട്ടർ ഇൻക്രിമെന്റ് തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ ഒന്നര ലക്ഷത്തോളം വരുന്ന ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും റിട്ടയർ ചെയ്തവർക്കും കുടുംബാംഗങ്ങൾക്കും നേടിക്കൊടുക്കാൻ AIRRBEA യുടെയും BEFI യുടെയും കൊടിക്കീഴിൽ അണിനിരക്കുന്ന കേരളത്തിലെ നമ്മുടെ യൂണിറ്റിനെയാണ് ദേശീയനേതൃത്വം ചുമതലപ്പെടുത്തിയിരുന്നത്. യൂണിയൻ ഗവണ്മെന്റ് പോലും ഇത് അംഗീകരിക്കുന്നു എന്നത് സംഘടന സ്വാഗതം ചെയ്യുന്നു.

NPS നു പകരം പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നതിനും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും ഉൾപ്പെടെയുള്ള പോരാട്ടങ്ങൾക്ക് കരുത്ത് പകരാൻ ഇത്തരം ഓർമ്മപ്പെടുത്തലുകൾ നമുക്ക് മുതൽക്കൂട്ടാകും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**05.12.2024**

# KGBEU OU ബുള്ളറ്റിൻ 106/2024

സഖാക്കളെ,

## വിഷയം: 12th BPS/ 9th Joint note ആനുകൂല്യങ്ങൾ ഉടൻ ലഭ്യമാക്കും

12th BPS/ 9th Joint note സർക്കുലർ ഇറക്കിയെങ്കിലും ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാത്ത മാനേജ്മെന്റ് നിലപാടിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയർപേഴ്സണു കത്ത് നൽകുകയും ചെയ്തിരുന്നു. ഈ വിഷയത്തിലും പ്രക്ഷോഭത്തിലേക്ക് കടക്കണം എന്ന് കേന്ദ്രകമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്ത പശ്ചാത്തലത്തിൽ ഹെഡ് ഓഫീസിനു മുന്നിൽ പ്രതിഷേധപ്രകടനം നടത്താനും തീരുമാനമെടുത്തു. തുടർന്ന് GM മായി ചർച്ച നടക്കുകയും എത്രയും പെട്ടെന്ന് അർഹമായ ആനുകൂല്യങ്ങൾ നടപ്പിലാക്കുമെന്ന് ഉറപ്പു നൽകുകയുമുായി. പ്രക്ഷോഭപരിപാടികളിലേക്ക് കടക്കാതെ തന്നെ വിഷയങ്ങൾ പരിഹരിക്കും എന്ന ഉറപ്പ് ലഭിച്ചതിനാൽ ഇന്ന് നടത്താൻ തീരുമാനിച്ച ഹെഡ് ഓഫീസ് ധർണ്ണ താൽക്കാലികമായി മാറ്റി വെക്കാൻ തീരുമാനിച്ചിരിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**06.12.2024**

# KGBEU OU ബുള്ളറ്റിൻ 107/2024

സഖാക്കളെ,

## വിഷയം: PFMS related issue

PFMS payment related ആയി ഗുരുതരമായ പ്രശ്നം നമ്മൾ അഭിമുഖീകരിക്കുകയാണ്. അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കണം എന്നാവശ്യപ്പെട്ട് IT ജനറൽ മാനേജർ, AGM എന്നിവരുമായി സംഘടന സംസാരിച്ചു. പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീക രിച്ചിട്ടുണ്ട് എന്നും ഇന്നുതന്നെ issue resolve ചെയ്യും എന്നും മാനേജ്മെന്റ് ഉറപ്പു തന്നി ട്ടുണ്ട്. സംഘടന follow up ചെയ്തു കൊിരിക്കുകയാണ്

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**09.12.2024**

# KGBEU OU ബുള്ളറ്റിൻ 108/2024

സഖാക്കളെ,

## വിഷയം: Annual health check up & other facilities

Annual health check up നടത്തുന്നതിനായി ജീവനക്കാർക്ക് നേരത്തെ സൗകര്യം ഉണ്ടായിരുന്നു. 2019 ന്  ശേഷം ഈ സൗകര്യം ഏകപക്ഷീയമായി റദ്ദ് ചെയ്യുകയുണ്ടായി. തുടർന്നിങ്ങോട്ട് സംഘടന വിവിധ വേദികളിൽ ഈ സൗകര്യം പുനഃസ്ഥാപിക്കണമെന്ന് ആ വശ്യപ്പെടുകയും ജോയിൻറ് കോൺഫറൻസ് ഉൾപ്പെടെയുള്ള വേദികളിൽ ഉന്നയിക്കുകയും ചർച്ച നടത്തി വരികയുമായിരുന്നു. അതിൻറെ ഭാഗമായി നേരത്തെ ഉണ്ടായിരുന്ന ഈ സൗകര്യം പുനസ്ഥാപിച്ചതായി ചെയർപേഴ്സൺ നമ്മുടെ സംഘടനയെ അറിയിച്ചു. തുക 3000 രൂപ ആയി വർദ്ധിപ്പിക്കാനും തീരുമാനിച്ചു.

Visually impaired വിഭാഗത്തിലുള്ള ജീവനക്കാർക്ക് കണ്ണട  വാങ്ങുന്നതിന് വർഷത്തിൽ 5000 രൂപ നൽകും.

Hearing impaired വിഭാഗത്തിലുള്ളവർക്ക് hearing aid device വാങ്ങുന്നതിന് മൂന്ന് വർഷം കൂടുമ്പോൾ 10000  രൂപയും നൽകും.

GTLI (Group term life insurance) പദ്ധതി നടപ്പിലാക്കണം എന്ന് ദീർഘനാൾ ആയി സംഘടന ഉയർത്തുന്ന ആവശ്യത്തിനും പോസിറ്റീവായ രീതിയിലാണ് പ്രതികരണമുയത്. അധികം താമസിയാതെ സംഘടനയുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുമെന്നും ചെയർപേഴ്സൺ അറിയിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ